08
ചൊവ്വ
നവംബർ 2022
1198തുലാം 21
Vol 4 Issue No 313

# കേരള പ്രണാമം

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# 10 ശതമാനം മുന്നാക്ക സംവരണം സാധു, മുന്നാക്കക്കാർക്ക് മാത്രമായുള്ള സംവരണം ശരിവച്ച് സുപ്രീം കോടതിയുടെ ഭൂരിപക്ഷ വിധി

**പിന്നാക്ക-പട്ടികക്കാരെ ഒഴിവാക്കിയതിൽ വിയോജിച്ച്**

**ചീഫ് ജസ്റ്റിസ് ഉൾപ്പെടെ രണ്ട് ജഡ്ജിമാർ**

**ന്യൂഡൽഹി:** മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് തൊഴിൽ, വിദ്യാഭ്യാസ മേഖലയിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ തീരുമാനം സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് ഭൂരിപക്ഷ വിധിയിലൂടെ ശരിവച്ചു.അഞ്ചംഗ ബെഞ്ചിൽ മൂന്ന് ജഡ്ജിമാർ അനുകൂലിച്ചപ്പോൾ, ചീഫ് ജസ്റ്റിസ് യു.യു.ദളിതും ജസ്റ്റിസ് രവീന്ദ്ര ഭട്ടും പിന്നാക്ക,പട്ടിക വിഭാഗങ്ങളെ ഇതിൽനിന്നൊഴിവാക്കിയതിനെ എതിർത്തു.

പത്ത് ശതമാനം മുന്നാക്ക സംവരണത്തിനുള്ള ഭരണഘടനാ ഭേദഗതിക്കെതിരായ ഹർജികളിലാണ് സുപ്രീം കോടതിയുടെ നിർണ്ണായകമായ വിധി.ജസ്റ്റിസ് ദിനേശ് മഹേശ്വരി, ജസ്റ്റിസ് ബേല എം. ത്രിവേദി, ജസ്റ്റിസ് ജെ.ബി പർദ്ദിവാല എന്നിവരാണ് അനുകൂല വിധി പുറപ്പെടുവിച്ചത്. എസ്.സി,എസ്.ടി ,ഒ.ബി.സി വിഭാഗങ്ങളെ ഒഴിവാക്കിയതിനെതിരായ ജസ്റ്റിസ് രവീന്ദ്ര ഭട്ടിന്റെ ഭിന്ന വിധിയെചീഫ് ജസ്റ്റിസ് യു.യു. ലളിത് അനുകൂലിക്കുകയായിരുന്നു. 3:2 എന്ന അനുപാതത്തിൽ ഭൂരിപക്ഷ ബെഞ്ചിന്റെ വിധി ശരിവച്ചു. മൂന്ന് ജഡ്ജിമാർ വിധി പ്രസ്താവിച്ച ശേഷമാണ്, ജസ്റ്റിസ് രവീന്ദ്ര ഭട്ടിന്റെ ഭിന്നവിധിക്കൊപ്പമാണെന്ന് ചീഫ് ജസ്റ്റിസ് ലളിത് വ്യക്തമാക്കിയത്. ഭൂരിപക്ഷ ബെഞ്ചിന്റെ വിധിയോട് ചീഫ് ജസ്റ്റിസ് വിയോജിക്കുന്നത് അസാധാരണമാണ്.

**ജാതി വിവേചനം ശരിവയ്ക്കലെന്ന് ജസ്റ്റിസുമാരായ ലളിതും ഭട്ടും**

ജാതി വിവേചനത്തിന്റെ ദുരിതങ്ങളെ നിയമപരമായി അംഗീകരിക്കുന്നതിന് തുല്യമാണ്, എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗങ്ങളെ മാറ്റി നിറുത്തിയ ഭരണഘടനാ ഭേദഗതിയെന്ന് ഭിന്ന വിധിയിൽ ജസ്റ്റിസ് രവീന്ദ്ര ഭട്ട് ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കും സാമൂഹിക നീതിക്കുമെതിരായ 103-ാം ഭരണഘടനാ ഭേദഗതി ഭരണഘടനാപരമല്ല. ഈ വിഭാഗങ്ങളെ ഒഴിവാക്കിയത് ഭരണഘടനയിലെ സാമൂഹ്യനീതിയുടെ അടിസ്ഥാനഘടനയെ തുരങ്കം വയ്ക്കുന്നു. സാമ്പത്തിക സംവരണത്തോട് വിയോജിപ്പില്ല. എന്നാൽ, എസ്.സി, എസ്.ടി ,ഒ.ബി.സി വിഭാഗങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കാത്തത് മൗലികാവകാശ ലംഘനമാണ്. സാമ്പത്തിക പിന്നാക്കാവസ്ഥ അതിജീവിക്കാനുള്ള അവസരം തുല്യമായി നൽകണം. ചിലരെ ഒഴിവാക്കിയത് തുല്യതയ്ക്കുള്ള മൗലികാവകാശത്തിന് വിരുദ്ധമാണ്. അതിനാൽ ഭരണഘടനാ ഭേദഗതിയിലെ ഇത് സംബന്ധിച്ച 16 (1),(4) വകുപ്പുകൾ റദ്ദ് ചെയ്യുകയാണെന്ന് ജസ്റ്റിസ് രവീന്ദ്ര ഭട്ട് വ്യക്തമാക്കി. സംവരണത്തിൽ 50 ശതമാനം പരിധി ലംഘിക്കുന്നതിനെയും ജസ്റ്റിസ് ഭട്ട് എതിർത്തു. ഇതിനെയാണ് ചീഫ് ജസ്റ്റിസ് യു.യു ലളിത് അനുകൂലിച്ചത്.

**മുന്നാക്ക സംവരണം ന്യായമെന്ന് ഭൂരിപക്ഷം**

സാമ്പത്തികമായ പിന്നാക്കം നിൽക്കുന്നവരെ കൈ പിടിച്ചുയർത്താനാണ് മുന്നാക്ക സംവരണമെന്ന് ജസ്റ്റിസ് ദിനേശ് മഹേശ്വരി വിധിന്യായത്തിൽ പറഞ്ഞു.നിലവിൽ സംവരണം കിട്ടാത്തവർക്കാണ് പത്ത് ശതമാനം സംവരണമെന്ന ന്യായത്തോട് മറ്റ് രണ്ട് ജഡ്ജിമാരും യോജിച്ചു.

സുപ്രീംകോടതി വിധി സാമൂഹികനീതിയുടെ വിജയമാണ്. സംവരണം ജാതിയുടെ പേരിലായിരിക്കരുത്, സമ്പത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന മന്നത്തുപത്മനാഭന്റെ കാലം മുതലേയുള്ള എൻ.എസ്.എസ് നിലപാടിന് ലഭിച്ച അംഗീകാരം കൂടിയാണ് ഈ വിധി

**ജി.സുകുമാരൻ നായർ**
**എൻ.എസ്.എസ് ജനറൽ സെക്രട്ടറി**

മണ്ഡൽ കമ്മിഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസിൽ സംവരണം 50 ശതമാനം കവിയാൻ പാടില്ലെന്ന് സുപ്രീംകോടതി ഒൻപതംഗ ബഞ്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ സംവരണം 60 ശതമാനമാക്കിയത് കോടതി ശരിവച്ചിരിക്കുകയാണ്. ഈ വിധികൾ പരസ്പര വിരുദ്ധമാണ്


**വെള്ളാപ്പള്ളി നടേശൻ,**
**എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി**





# ഗവർണറെ പൂട്ടാൻ പലവഴി തേടി സിപിഎം

തിരുവനന്തപുരം ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു നീക്കുന്നതിനു സർക്കാരിന് അനുമതി നൽകിയ സിപിഎം, നിയമവഴിയിലൂടെയും ജനകീയസമരത്തിലൂടെയും ഗവർണർക്കെതിരായ പ്രക്ഷോഭം കടുപ്പിക്കാനും തീരുമാനിച്ചു. സിപിഎം സംസ്ഥാന കമ്മിറ്റി യോഗങ്ങൾ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ, ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നു നീക്കുന്നതിന് ഏതറ്റം വരെയും പോകുമെന്നു വ്യക്തമാക്കി. ഇക്കാര്യത്തിൽ സർക്കാരിനു നിയമനിർമാണം നടത്താൻ പാർട്ടി അനുമതി നൽകിക്കഴിഞ്ഞെന്നും അദ്ദേഹം അറിയിച്ചു. ഗവർണർക്കെതിരെ നിയമപരമായും ഭരണഘടനാപരമായും ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യും. ഇക്കാര്യത്തിൽ സുപ്രീം കോടതിയെ സമീപിക്കും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേതു പോലെ തങ്ങൾക്കു വേണ്ടപ്പെട്ടവരെ സർവകലാശാലയുടെ തലപ്പത്തു നിയമിക്കുന്ന സംഘപരിവാർ അജൻഡ ഇവിടെ നടപ്പാകില്ല. സംസ്ഥാന സർക്കാർ നിർമിച്ച നിയമത്തിന്റെ അടിസ്ഥാനത്തിലാണു ചാൻസലർ പദവിയും അധികാരങ്ങളും. അവ നൽകണോ എന്ന കാര്യത്തിൽ ആവശ്യമായ നിലപാട് ഇനി സംസ്ഥാന സർക്കാർ സ്വീകരിക്കും ഗോവിന്ദൻ പറഞ്ഞു. ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ പ്രക്ഷോഭത്തിനും സിപിഎം രൂപം നൽകി. 15ന് രാജ്ഭവനു മുന്നിലെ പ്രതിഷേധത്തിൽ ദേശീയ നേതാക്കളടക്കം പങ്കെടുക്കും. ജില്ലാ ആസ്ഥാനങ്ങളിലും അന്ന് പ്രതിഷേധമുണ്ടാകും. നിയമസഭ പാസാക്കിയ ബില്ലുകൾ തടഞ്ഞുവച്ചതിനെതിരെയും പ്രചാരണം ശക്തമാക്കും. ഗവർണർ ഇന്ന് രാജ്ഭവനിൽ ഡൽഹി സന്ദർശത്തിനുശേഷം കൊച്ചിയിൽ 2 ദിവസമായി തങ്ങുന്ന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് ഉച്ചയോടെ രാജ്ഭവനിലെത്തും. ഗവർണറുടെ നോട്ടിസിനു 9 വൈസ് ചാൻസലർമാരിൽ 6 പേരുടെ വിശദീകരണമാണ് ഇന്നലെ വരെ രാജ്ഭവനിൽ ലഭിച്ചത്. വിശദീകരണം



# ഇന്ത്യയിൽ വൈകിട്ട് 3.46 മുതൽ 04.29 വരെ പൂർണ്ണഗ്രഹണം

**തിരുവനന്തപുരം:** ഇന്ന് പൂർണ്ണ ചന്ദ്രഗ്രഹണം. ഉച്ചയ്ക്ക് 2.39 മുതൽ രാത്രി 7.26വരെയാണ് ഗ്രഹണം. പൂർണ്ണഗ്രഹണം 3.46 മുതൽ 04.29 വരെയും. പകലായതിനാൽ ഗ്രഹണം പൂർണ്ണമായി കാണാനാകില്ലെങ്കിലും സൂര്യനസ്തമിക്കുന്ന ആറുമണിക്ക് തന്നെ ചന്ദ്രനും ഉദിച്ചുനിൽക്കുന്നതിനാൽ അവസാനദൃശ്യങ്ങൾ ഇന്ത്യയിൽ കാണാം. ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർ അതീവ പ്രധാന്യത്തോടെയാണ് ചന്ദ്രഗ്രഹണത്തെ കാത്തിരിക്കുന്നത്. അടുത്ത മൂന്ന് വർഷത്തിനിടയിലെ അവസാന പൂർണ ചന്ദ്രഗ്രഹണമായിരിക്കും ഇതെന്ന് നാസ അറിയിച്ചു. 2023 ഒക്ടോബർ 28 ന് ഇന്ത്യയിൽ അടുത്ത ഭാഗിക സമ്പൂർണ ചന്ദ്രഗ്രഹണവും 2025 സെപതംബർ 7ന് ഇന്ത്യയിലെ അടുത്ത സമ്പൂർണ്ണചന്ദ്രഗ്രഹണവുമുണ്ടാകും. പൗർണ്ണമി ദിവസം ഭൂമി ഇടയിലും സൂര്യൻ,ചന്ദ്രൻ എന്നിവ ഇരുവശങ്ങളിലുമായി ഏകദേശം നേർരേഖയിലാവുമ്പോൾ ചന്ദ്രനിൽ പതിക്കേണ്ട സൂര്യപ്രകാശത്തെ ഭൂമി തടയുകയും ചന്ദ്രൻ ഭൂമിയുടെ നിഴലിലാവുകയും ചെയ്യുന്നതാണ് ചന്ദ്രഗ്രഹണം. ഈ സമയത്ത് ചന്ദ്രൻ അപ്രത്യക്ഷമാകുന്നതിനു പകരം കടുംചുവപ്പ് നിറത്തിലാകും. രക്തചന്ദ്രൻ അഥവാ ബ്ലഡ് മൂൺ എന്നാണ് ഇതറിയപ്പെടുന്നത്. ചന്ദ്രന്റെ കുറച്ച് ഭാഗം മാത്രമാണ് ഭൂമിയുടെ പ്രഛായയിലൂടെ കടന്നു പോകുന്നതെങ്കിൽ ഭാഗീകചന്ദ്രഗ്രഹണമെന്നും നിഴൽഭാഗത്തിനു പുറത്ത് മങ്ങിയ നിഴൽ പ്രദേശമായി ചന്ദ്രനെ കാണുന്നതിനെ ഉപഛായഗ്രഹണമെന്നും പറയും.

ഇവിടെ ദൃശ്യമാകും

രാജ്യത്ത് എല്ലായിടത്തും ചുവന്ന നിറത്തിലുള്ള പൂർണ്ണ ചന്ദ്രൻ ദൃശ്യമാകില്ലെങ്കിലും കിഴക്കൻമേഖലകളിൽ വൈകിട്ട് 5.12ന് പൂർണ്ണചന്ദ്രഗ്രഹണത്തിന്റെ അവസാനഘട്ടത്തിൽ രക്തചന്ദ്രൻ പ്രകടമാകും. അഗർത്തല (ത്രിപുര), ഐസ്വാൾ (മിസോറം), ഭഗൽപൂർ (ബിഹാർ), ഭുവനേശ്വർ, കട്ടക്ക് (ഒഡീഷ), കൊഹിമ (നാഗാലാൻഡ്), കൊൽക്കത്ത, ഡാർജിലിംഗ് (പശ്ചിമ ബംഗാൾ)എന്നിവിടങ്ങളിൽ കാണാം.

കേരളത്തിൽ ഭാഗികം

കേരളത്തിൽ ഇന്ന് ചന്ദ്രനുദിക്കുന്നത് വൈകിട്ട് 6 മണിക്കായതിനാൽ പൂർണ്ണചന്ദ്രഗ്രഹണം ദൃശ്യമാകില്ലെങ്കിലും അല്പനേരം ഭാഗീകചന്ദ്രഗ്രഹണം കാണാം. സന്ധ്യക്ക്, മറയില്ലാതെ ചക്രവാളം കാണുന്ന സ്ഥലത്താണെങ്കിൽ 15 മിനുറ്റ് കാണാം. രാത്രി 7.26വരെ ഉപഛായഗ്രഹണം തുടരുമെങ്കിലും തിരിച്ചറിയാൻ പ്രയാസമാണ്.


# കത്ത് എഴുതിയത് ഞാനാണ്, സഹായം കിട്ടുമോ എന്നറിയാൻ വേണ്ടി, എന്നാൽ കത്ത് കൊടുത്തില്ല - ഡി.ആർ അനിൽ


**തിരുവനന്തപുരം:** നിയമനമാവശ്യപ്പെട്ട് തിരുവനന്തപുരം നഗരസഭയിൽ നിന്ന് സി.പി.എം. ജില്ലാ സെക്രട്ടറിക്ക് അയച്ച കത്ത് താൻ എഴുതിയതാണ് എന്ന് സമ്മതിച്ച് നഗരസഭ പാർലമെന്ററി പാർട്ടി സെക്രട്ടറി ഡി.ആർ. അനിൽ. പുറത്ത് വന്നത് താൻ എസ്.എ.ടി. വിഷയത്തിൽ എഴുതിയ കത്താണ്. എന്നാൽ കത്ത് എഴുതിക്കഴിഞ്ഞപ്പോൾ അത് ശരിയല്ലെന്ന് തോന്നുകയും കൊടുത്തില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. 'പാർലമെന്റ് പാർട്ടി സെക്രട്ടറി എന്ന നിലയിൽ പാർട്ടി സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി, ഒരു സഹായം കിട്ടുമോ എന്നറിയാൻ വേണ്ടിയിട്ടാണ് ചെയ്തത്. എന്നാൽ കത്ത് എഴുതിയപ്പോൾ തന്നെ അത് ശരിയല്ല എന്ന് എനിക്ക് തോന്നിയതാണ്. കത്ത് കൊടുത്തില്ല' അനിൽ പറഞ്ഞു. ഇത് പിൻവാതിൽ നിയമനം നടക്കുന്നു എന്ന ആരോപണം ശരിവെക്കുന്നതല്ലേ എന്ന ചോദ്യത്തിന്, 'പിൻവാതിൽ നിയമനമൊന്നും നടക്കുന്നില്ല. പത്രത്തിൽ കൊടുക്കും, നല്ല പാനൽ വെച്ചുകൊണ്ട് അഭിമുഖം നടത്തും. സ്വതന്ത്ര ഏജൻസിയായ കുടുംബശ്രീക്ക് സഹായം കൊടുക്കണം എന്ന നിലയിലാണ് കത്തെഴുതിയത്. എസ്.ഐ.ടി. ആശുപത്രി സംബന്ധിച്ച് അവിടെ വലിയ ദുരിതാവസ്ഥയിലാണ്. അത് അടിയന്തരമായി തുറക്കേണ്ടത് അത്യാവശ്യമാണ്. അതിന് വേണ്ടിയിട്ടുള്ള ഒരു പ്രയത്നമാണ്. ഞങ്ങൾ ചെയ്യുന്ന ഇത്തരം വികസനകാര്യങ്ങളേയും നന്മകളേയും കൂടി നിങ്ങൾ മുൻനിർത്തി കാര്യങ്ങൾ പറയണം. ആശുപത്രിയുടെ വികസനങ്ങളെ സംബന്ധിച്ചും ആശുപത്രിയുടെ ആവശ്യങ്ങളെ സംബന്ധിച്ചും മന്ത്രിമാർക്കെല്ലാം അപേക്ഷകളും മറ്റു കാര്യങ്ങളും നിവേദനങ്ങളും കൊടുക്കാറുണ്ട്. ഇപ്പോൾ തന്നെ സർക്കാർ 717 കോടിയുടെ വികസനം നടത്തുന്നുണ്ട്. നിരവധി വികസനങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

'പാർട്ടി ജില്ലാ സെക്രട്ടറിക്ക് പാർലമെന്റ് പാർട്ടി സെക്രട്ടറി എന്ന നിലയിൽ കത്ത് കൊടുത്തിട്ടില്ല, പട്ടിക ചോദിച്ചിട്ടില്ല. മേയർ എഴുതിയ കത്തിനെ സംബന്ധിച്ച് അന്വേഷണം ആരംഭിച്ചു. അതിന്റെ നിജസ്ഥിതി വരുമ്പോൾ കാണാം. മുഖ്യമന്ത്രിയോട് മേയർ പരാതിപ്പെട്ടിട്ടുണ്ട്. ഇതുവരെ ഒഴിവിലേക്ക് ആളെ എടുത്തിട്ടില്ല. കത്ത് എഴുതിയത് ഞാനാണ്, എന്നാൽ കത്ത് കൊടുത്തിട്ടില്ല. എന്നാൽ അത് പ്രചരിച്ചത് എങ്ങനെയാണ് എന്നത് സംബന്ധിച്ച് പോലീസ് അന്വേഷിക്കും. കേരളത്തിലെ പോലീസിനെക്കുറിച്ച് നല്ല വിശ്വാസമാണ്. ആഭ്യന്തരവകുപ്പ് അതിനെക്കുറിച്ച് അന്വേഷിക്കും. യഥാർഥ കാര്യം എന്താണെന്ന് വീണ്ടും കാണുമ്പോൾ പറയാം' അദ്ദേഹം പറഞ്ഞു.

**ആശാൻ**

മാധ്യമങ്ങളോട് ഗെറ്റ് ഔട്ട് പറഞ്ഞ ഗവർണ്ണറുടേത് ഫാസിസ്റ്റ് സമീപനം: എം വി ഗോവിന്ദൻ








കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ജനാധിപത്യ ഇന്ത്യയെ ശക്തിപ്പെടുത്തുന്നതിൽ നിർണായകമാണെന്നതിൽ രണ്ട്പക്ഷമുണ്ടാകില്ല

ഇന്ത്യയിൽ ഭരണഘടനാനുസൃതമായി നിലനിൽക്കുന്ന സംവരണ വ്യവസ്ഥയ്ക്ക് അടിസ്ഥാനമായ കാര്യങ്ങളിൽ പുനരാലോചനയ്ക്കു വഴി തുറക്കുന്നു. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്തിയ തീരുമാനം സുപ്രീം കോടതി ശരിവച്ചതോടെ സംവരണ വിഷയത്തിൽ ചരിത്രപരമായ ചുവടുവയ്പാണുണ്ടായത്. സാമ്പത്തിക സംവരണത്തിനായി കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീംകോടതിയിലെ അഞ്ചംഗ ഭരണഘടനാ ബെഞ്ചിലെ മൂന്ന് ജഡ്ജിമാർ സംവരണത്തിന് അനുകൂലമായി വിധിയെഴുതി. ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങളിൽ ഭേദഗതി വരുത്തിയാണു സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നിൽനിൽക്കുന്നവർക്ക് പത്തുശതമാനം സംവരണം കൊണ്ടുവന്നത്. 2019 ജനുവരിയിൽ പാർലമെന്റ് പാസാക്കിയ ഭരണഘടനാ ഭേദഗതിക്കെതിരേ സമർപ്പിക്കപ്പെട്ട 39 ഹർജികളിലാണു തീർപ്പുണ്ടായത്. ചീഫ് ജസ്റ്റിസ് യു.യു. ലളിതും ജസ്റ്റിസ് രവീന്ദ്രഭട്ടും സാമ്പത്തിക സംവരണത്തിലെ ചില വ്യവസ്ഥകളോട് എതിർപ്പ്പ്രകടിപ്പിക്കുകയും ജസ്റ്റിസ് ദിനേശ് മഹേശ്വരി, ജസ്റ്റിസ് ഭേല എം. ത്രിവേദി, ജസ്റ്റിസ് ജെ.ബി. പർദിവാല എന്നിവർ സംവരണത്തെ പൂർണമായും അനുകൂലിക്കുകയും ചെയ്തു.നരേന്ദ്ര മോദി സർക്കാർ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിക്കെതിരേ കഴിഞ്ഞ മൂന്നുവർഷമായി രാജ്യത്ത് ചൂടേറിയ ചർച്ചകളാണു നടക്കുന്നത്. ഭരണഘടനാ ബെഞ്ചിൽനിന്നുണ്ടായ വിധി രാജ്യത്തിന്റെ നിയമമാണെന്നിരിക്കെ സാമ്പത്തിക സംവരണത്തിനുവേണ്ടി വാദിക്കുന്നവർക്ക്ആഹ്ളാദവും ആവേശവും പകരുന്ന വിധിയാണ് ഇതെന്നു വിലയിരുത്താനാകും. മൂന്ന് പ്രധാന വിഷയങ്ങളാണ് ഭരണഘടനാ ബെഞ്ചിനു മുന്നിലെത്തിയത്. ഒന്ന്: സാമ്പത്തിക അടിസ്ഥാനത്തിൽ സംവരണം നൽകുന്നത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണോ? 103-ാം ഭരണഘടനാ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ലംഘിക്കുന്നതാണോ?രണ്ട്: സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് പ്രവേശനത്തിന് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കാൻ വ്യവസ്ഥകൾ കൊണ്ടുവരാൻ സംസ്ഥാനങ്ങളെ അനുവദിക്കുകവഴി ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ലംഘിക്കുന്നതായി വരുമോ?മൂന്ന്: എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗങ്ങളെ സാമ്പത്തിക സംവരണ പട്ടികയിൽനിന്ന് ഒഴിവാക്കിയത് ഭരണഘടന മുന്നോട്ടു വയ്ക്കുന്ന സംവരണത്തിന്റെ അടിസ്ഥാന ഘടനയ്ക്ക് ചേരുന്നതാണോ? ജസ്റ്റിസ് എസ്. രവീന്ദ്രഭട്ട് മുന്നോക്ക സംവരണം ഭരണഘടനാ വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി. ഈ വാദത്തിന് ചീഫ് ജസ്റ്റിസിന്റെ പിന്തുണയുമുണ്ടായി. സാമ്പത്തിക സംവരണം ഭരണഘടനാ വിരുദ്ധമല്ലെന്നും നിലവിൽ സംവരണ പട്ടികയിൽ വരുന്നവരെ ഒഴിവാക്കിയതിൽ തെറ്റില്ലെന്നും മറ്റ് മൂന്നുപേരും വ്യക്തമാക്കി. സാമ്പത്തിക സംവരണത്തിൽനിന്ന് പിന്നോക്കക്കാരെ ഒഴിവാക്കിയത് ശരിയല്ലെന്നാണ് ജസ്റ്റിസ് ഭട്ട് വ്യക്തമാക്കിയത്. പിന്നോക്ക വിഭാഗങ്ങളെ ഒഴിവാക്കിയത്തെറ്റല്ലെന്ന് വാദിച്ച ജസ്റ്റിസുമാർ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണത്തിനുള്ള നീക്കത്തെയും അനുകൂലിച്ചു.

സംവരണമെന്നത് സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതി അല്ലെന്നും പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിനുള്ള ഉപാധിയാണെന്നുമായിരുന്നു ഹർജിക്കാരുടെ മുഖ്യവാദം. സാമ്പത്തികാവസ്ഥ മാനദണ്ഡമാക്കി സംവരണം നൽകുന്നത്ശരിയല്ലെന്നും സാമ്പത്തിക സംവരണത്തിൽനിന്ന്പിന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പുറകിൽനിൽക്കുന്നവരെ ഒഴിവാക്കിയത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്നും ശക്തമായി വാദമുണ്ടായി. സംവരണ വിഭാഗങ്ങളുടെ സംവരണത്തെ ഒട്ടും ബാധിക്കാതെയാണ് മുന്നോക്ക സംവരണം അനുവദിച്ചതെന്ന കേന്ദ്ര സർക്കാരിന്റെ സുവ്യക്തമായ നിലപാട് സുപ്രീം കോടതിയിലും ആവർത്തിക്കപ്പെട്ടു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനം ജനാധിപത്യ ഇന്ത്യയെ ശക്തിപ്പെടുത്തുന്നതിൽ നിർണായകമാണെന്നതിൽ രണ്ട്പക്ഷമുണ്ടാകില്ല. ഭരണഘടനാ ശിൽപ്പികൾ സംവരണ വ്യവസ്ഥകൾ എഴുതിച്ചേർക്കുമ്പോൾ ഉണ്ടായിരുന്ന ഇന്ത്യയിൽനിന്ന് എന്തുമാറ്റമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്? പിന്നോക്ക ജനതയുടെ ശാക്തീകരണം പ്രതീക്ഷിച്ചതുപോലെ ഉണ്ടായിട്ടില്ല എന്നതാണ് അതിനുള്ള ഒരുത്തരം. എന്നാൽ, ജാതിപരമായി മാത്രമാണ് ഇന്ത്യയിൽ പിന്നോക്കാവസ്ഥ നിലനിൽക്കുന്നതെന്നും പറയാനാകില്ല. ഈയൊരു വസ്തുതകൂടി സംവരണത്തിന് അടിസ്ഥാനമായ കാര്യങ്ങൾ നിശ്ചയിക്കുമ്പോൾ പരിഗണിക്കണമെന്ന കാഴ്ചപ്പാടിനുകൂടി വിധിന്യായം സ്ഥാനം നൽകിയിരിക്കുന്നു. ജാതിമത ചിന്തകൾക്ക് അപ്പുറം കഷ്ടപ്പെടുന്ന ആളുകൾക്ക് ഗുണകരമായ രീതിയിൽ സംവരണ രീതികൾ മാറണമെന്ന്വാദിക്കുന്നവരുടെ എണ്ണം സമൂഹത്തിൽ കൂടിയിട്ടുണ്ട്. അവരുടെ വാദത്തെ ബലപ്പെടുത്തുന്നതാണ് ഭരണഘടനാ ബെഞ്ചിന്റെ ഭൂരിപക്ഷവിധി



# ആധുനികകേരളത്തിന്റെ തീരാകളങ്കം

സാക്ഷര കേരളത്തിൽ പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ എന്ന ഗ്രാമത്തിൽ രണ്ടു സ്ത്രീകൾ നരബലിക്കു വിധേയരായിരിക്കുന്നു. അതിശയകരമായ ഐശ്വര്യലബ്ധി അതിവേഗം അനായാസം ലഭിക്കുമെന്ന വ്യാമോഹത്തിലാണ് മന്ത്രവാദിയും ഭാര്യയും ഈ ക്രൂരകൃത്യം ചെയ്തത്. ഇതിനായി ഇരകളെ സംഘടിപ്പിച്ച വിരുതൻ ഒരു പ്രത്യേക മന്ത്രവാദത്തിലൂടെ സർവൈശ്വര്യ ലാഭം സാധ്യമാക്കിത്തരുന്ന ഒരു ദിവ്യമാന്ത്രികനെ അറിയാമെന്നും അയാളുടെ അനുവാദം ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞാണ് രണ്ടു പാവപ്പെട്ടവരെ കൂട്ടിക്കൊണ്ടു പോവുന്നത്. ലോട്ടറി ടിക്കറ്റ് വിറ്റ് ഉപജീവനം തേടാൻ പാടുപെടുന്ന രണ്ടു ഹതഭാഗ്യകളെയാണ് ഇടനിലക്കാരൻ വലവീശിപ്പിടിച്ചത്. അടുത്ത ഘട്ടത്തിൽ മന്ത്രിവാദിയുടെ ഭാര്യയും ഇടനിലക്കാരനും ചേർന്ന് മന്ത്രവാദിയെ നരബലി നടത്താമെന്നും ഇടനിലക്കാരനും മന്ത്രവാദിനിക്കും സുഖമായി ദാമ്പത്യ ജീവിതമാഘോഷിക്കാമെന്നുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നു. കേരളാ പോലീസിന്റെ സമർത്ഥമായ കരുനീക്കങ്ങൾ ആ ദാമ്പത്യസ്വപ്നങ്ങൾ തകർത്തുകളഞ്ഞു. പാറശാലയിലെ നരബലി മറ്റൊരു അപസർപ്പകകഥയാണ് അനാവരണം ചെയ്യുന്നത്. തീർന്നില്ല പാറശാലയിൽനിന്ന് ചുരുൾ നിവരുന്ന കഥയിങ്ങനെ:

പ്രണയബദ്ധരായ കാമുകീകാമുകരിൽ കാമുകിക്കൊരു സംശയം. സംശയം ദൃഢവിശ്വാസമായി വളരുന്നു. കാരണം അവളുടെ ജാതകപ്രകാരം ആദ്യ ഭർത്താവ് അൽപ്പായുസാകുമെന്നും രണ്ടാം ഭർത്താവുമൊത്തായിരിക്കും സന്തുഷ്ട ദാമ്പത്യമെന്നും ജ്യോത്സ്യൻ വിധികൽപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് കാമുകനെ ഭർത്താവായി സ്വീകരിക്കുന്നു. പള്ളിയിൽ പോയി കാമുകൻ കാമുകിയെ താലികെട്ടുകയും സീമന്തരേഖയിൽ സിന്ദൂരമണിയിക്കുകയും മറ്റും ചെയ്യുന്നു. ഒരു ശരിയായ വിവാഹാഭിനയം, പ്രണയം നടിച്ചുകൊണ്ടുതന്നെ ഭർത്താവിനെ അല്ലെങ്കിൽ ഇഷ്ടകാമുകനെ വീട്ടിലേക്ക് ക്ഷണിക്കുന്നു. ജ്യൂസിലും കഷായത്തിലും മറ്റുമായി മാരകമായ കീടനാശിനി കലർത്തി ഭർത്താവിനെ ഒഴിവാക്കുന്നു. ഇതിനോടകം അടുത്ത ഭർത്താവുമായുള്ള വിവാഹനിശ്ചയവും കഴിഞ്ഞിരുന്നു.

കെട്ടുകഥകൾ അവിശ്വാസനീയങ്ങളാണ് എന്നാൽ കെട്ടുകഥകളേക്കാൾ അവിശ്വസനീയമായ രണ്ടു സംഭവകഥകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇത് പുറത്തുവന്ന രണ്ടു സംഭവങ്ങളാണ്. സംശയാസ്പദമായ ചില മരണങ്ങളുടെ പിന്നിൽ ഇത്തരം കൊലപാതക രഹസ്യങ്ങൾ ഉണ്ടാവാമെന്ന് പോലീസ്സംശയിക്കുന്നു. ആ നിലയിൽ അന്വേഷണങ്ങൾ തുടരുന്നു.

ശ്രീനാരായണഗുരുവിനേയും സഹോദരനയ്യപ്പനേയും വി.ടിയേയും ഇ.എം.എസിനേയും പോലുള്ള നവോത്ഥാന നായകർ ഉഴുതുമറിച്ചിട്ട കേരള മണ്ണിലാണിത് സംഭവിച്ചതെന്നോർക്കണം. സതിപോലുള്ള നാരീഹത്യകൾ കേരളത്തിൽ സംഭവിച്ചിട്ടില്ല. രാജാറാംമോഹൻറോയിയേപ്പോലുള്ള നവോത്ഥാന നായകരുടെ നേതൃത്വത്തിൽ നടന്ന ധീരോജ്ജ്വല സമരങ്ങളാണ് ആ അത്യാചാരത്തിന് അന്ത്യം കുറിക്കാനിടയാക്കിയത്. സതിയേക്കാൾ നിന്ദ്യവും ക്രൂരവുമായ നാരീഹത്യയല്ലേ ഈ ജനാധിപത്യ കേരളത്തിൽ നടന്നത്? പ്രലോഭനങ്ങളിലൂടെ ഒരു വിധവയെ സതിയനുഷ്ഠിക്കാൻ പ്രേരിപ്പിക്കുകയാണ് ഇവിടെ മരണഗൃഹത്തിലേക്കാണ്പോകുന്നതെന്ന്ഇരയറിയുന്നില്ല.

നമ്മുടെ മാധ്യമങ്ങൾ ഇന്നീ സംഭവങ്ങൾ റിപ്പോർട്ട്ചെയ്യുമ്പോൾ പ്രയോഗിക്കുന്ന ചില വാക്കുകളുണ്ട്. ദുർമന്ത്രവാദം-ജാതകദോഷം മുതലായവ. മന്ത്രവാദം ഒരു സൽക്കർമ്മമാണെന്നും അതിന്റെ ഒരു ദുർവിനിയോഗം മാത്രമാണ് ദുർമന്ത്രവാദമെന്നുമുള്ള ഒരു സന്ദേശമാണീ വാർത്തകൾ നൽകുന്നത്. അതുപോലെതന്നെ ജ്യോതിഷം ഒരു ശാസ്ത്രമാണെന്ന് വരുത്തിത്തീർക്കാനുള്ള മാധ്യമശ്രമങ്ങളുമുണ്ട്. ഇവയ്ക്കൊന്നും യുക്തിചിന്തയുടെയോ ശാസ്ത്രബോധനത്തിന്റേയോ പിന്തുണയില്ലെന്ന് പറയാനുള്ള സത്യസന്ധമായ ആദർശധീരത മാധ്യമങ്ങൾക്ക് കൈമോശംവന്നിരിക്കുന്നു.

പുരാതനം കാലം മുതൽ മിക്കവാറും എല്ലാ രാജ്യങ്ങളിലും മന്ത്രവാദംകൊണ്ട്, ശത്രുസംഹാരം, രോഗശമനം, സ്ത്രീകളെ വശീകരിക്കുക മുതലായ ക്രിയകളടങ്ങുന്ന ആഭിചാര പ്രയോഗങ്ങൾ നിലവിലുണ്ടായിരുന്നു. അപരിഷ്കൃത ജനവിഭാഗങ്ങൾ അധിവസിക്കുന്ന നാടുകളിൽ ഇന്നുമിത്തരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്

ആഭിചാരം ഒരുകാലത്തും അന്ധമായി വിശ്വസിക്കാപ്പെടേണ്ട ഒരു തത്വസംഹിതമായിരുന്നില്ല എന്ന് ജെയിംസ് ഫ്രേസർ എന്ന ചിന്തകൻ വെളിപ്പെടുത്തിയിട്ടുണ്ട്. മതങ്ങളുടെ മായിക പരിവേഷത്തിലാണ് ഇവയെല്ലാം വളർന്നു വികസിച്ചത്. മതങ്ങളല്ലാ, മതാഭാസങ്ങളാണ് അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും കാത്തുസൂക്ഷിക്കുന്നത്. ഈ അന്ധതയ്ക്കെതിരെ നവോത്ഥാനനായകർ എക്കാലവും പ്രകാശം ചൊരിയാൻ ശ്രമിച്ചിട്ടുണ്ട്. ഇത്തരം ആഭിചാര പ്രയോഗങ്ങളെ പ്ലേറ്റോ അപലപിക്കുകയും ഇവയെല്ലാം നിരോധിക്കപ്പെടേണ്ടതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്

ഇന്ന് കേരളത്തിൽ സജീവമായിക്കൊണ്ടിരിക്കുന്ന നവോത്ഥാന മുന്നണി ഏറ്റെടുക്കേണ്ട ഒരു വെല്ലുവിളിയാണിത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ബോധവത്കരണം, ഗ്രാമീണതലംതൊട്ട് സംസ്ഥാനതലംവരെ വ്യാപകമായ ആശയസമരം വേണ്ടി വരും. സ്വാഭാവികമായും നിക്ഷിപ്തതാല്പര്യങ്ങൾ വച്ചു പുലർത്തുന്നവരുടെ ഭാഗത്തുനിന്ന് ശക്തിയായ എതിർപ്പുണ്ടാവും. മന്ത്രമോതിരവും മാന്ത്രിക ഏലസുമൊക്കെ വിൽക്കുന്ന സ്വർണ വ്യാപാരികളുണ്ട്. ഇഷ്ട സന്താനലാഭം വാഗ്ദാനം ചെയ്യുന്ന ദേവാലയങ്ങളുമുണ്ട്. സർവൈശ്വര്യപൂജ നടത്തിക്കൊടുക്കുന്ന സിദ്ധന്മാരുണ്ട്. ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ്സ് ആന്റ് മാജിക് റെമഡീസ് ആക്ട് നിലവിലുള്ള ഒരു രാജ്യത്താണിതെല്ലാം നടക്കുന്നതെന്നോർക്കണം.

നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ ബഹുജന മുന്നേറ്റത്തിൽ കലാകാരന്മാരേയും ബുദ്ധിജീവികളേയുമൊക്കെ അണിനിരത്തണം. മന്ത്രവാദവും ആഭിചാരകർമ്മങ്ങളും ജ്യോതിഷവുമെല്ലാം ഏതൊരു മതത്തിന്റേയും അന്തസത്തയ്ക്കെതിരാണ്. ഈ സത്യം ജനങ്ങളിലെത്തിക്കാൻ-അവരെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. നമ്മുടെ ഒരു സർവകലാശാലയിൽ ജ്യോതിഷം പാഠ്യവിഷയമാക്കാൻ യാഥാസ്ഥിതികന്മാർ ശ്രമിക്കുകയുണ്ടായി. ഉത്ബുദ്ധ കേരളം അതിന് തടയിട്ടു. അതേസമയം, തമിഴ്നാട്ടിലെ ഒരു സർവകലാശാല ജ്യോതിഷത്തിനംഗീകാരം കൊടുത്തിട്ടുണ്ട്. ജ്യോതിഷത്തിന്റെ പേരിലുള്ള പ്രശ്നവിചാരണയും പ്രശ്നവിധികളും എത്രമാത്രം അയഥാർത്ഥവും അസംബന്ധവുമാണെന്ന് തെളിയിക്കുന്ന എത്രയോ സംഭവങ്ങളുണ്ട്. എന്നാലും ജനം അവയുടെ പുറകേ പോകുന്നു. വ്യവസായവത്കൃത ജ്യോതിഷത്തിന്റെ ഒരുല്പന്നമായി പ്രശ്നവിചാരണ മാറിയിരിക്കുന്നു. ശൂന്യാകാശ പേടകം തൊടുക്കുന്നതിന് രാഹുകാലം ഒഴിവാക്കുന്ന അവസ്ഥയിലേക്ക് നാമധഃപതിച്ചിരിക്കുന്നു. 'ഉതിഷ്ഠിതഃ ജാഗ്രതാ പ്രാപ്യവരാൻ നിബോധതാ.... " എന്ന വിവേകാനന്ദവാക്യം മനസിലുറപ്പിക്കേണ്ട സമയമായിരിക്കുന്നു.

**'ചായില്യങ്ങൾ വരച്ചുപൊയ്മുഖവുമായ് നിൻമന്ത്രവാദം നിനക്കീയില്ലത്തു നിറുത്തുവാൻ സമയമായില്ലേ, സമൂഹാന്ധതേ!"**

വയലാർ



# പണക്ഷാമം: പലിശകൂട്ടി നിക്ഷേപം സമാഹരിക്കാൻ ബാങ്കുകൾ

വാ യ്പാ ആവശ്യത്തിൽ കുതിപ്പുണ്ടായതോടെ പണലഭ്യതാ ഭീതിയിൽ ബാങ്കുകൾ. വായ്പാ വളർച്ചയോടൊപ്പം നിക്ഷേപവരവിൽ കുറവുണ്ടായതാണ് ബാങ്കുകളെ ബാധിച്ചത്. പണപ്പെരുപ്പത്തെ ചെറുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിപണിയിലെ അധിക പണം പിൻവലിക്കാൻ റിസർവ് ബാങ്ക് നടപടിയെടുത്തതും ബാങ്കുകളെ ബാധിച്ചു. അതോടൊപ്പം വേണ്ടത്ര നിക്ഷേപമെത്താതിരുന്നതും പ്രതിസന്ധി സൃഷ്ടിച്ചു.

ഇതേതുടർന്നാണ് ഒരാഴ്ചക്കിടെ ബാങ്കുകൾ നിക്ഷേപ പലിയിൽ കാര്യമായ വർധനവരുത്താൻ തയ്യാറായത്. വിപണിയിൽ രൂപപ്പെട്ട പ്രത്യേക സാഹചര്യം നിക്ഷേപകർക്ക് നേട്ടമാകുകയുംചെയ്തു. ആവശ്യത്തിന് പണം ലഭ്യമാകുന്നതുവരെ പലിശ ഉയരാനാണ് സാധ്യത.

ഒക്ടോബർ 21വരെയുള്ള കണക്കുപ്രകാരം 128.9 ലക്ഷം കോടി രൂപയാണ് ബാങ്കുകൾ വായ്പ നൽകിയത്. വായ്പാ വളർച്ച 17.9ശതമാനമാണെന്ന് ആർബിഐ പുറത്തുവിട്ട ദ്വൈവാര കണക്കുകൾ വ്യക്തമാക്കുന്നു. ഒമ്പതുവർഷത്തിനിടയിലെ ഉയർന്ന വാർഷിക വളർച്ചയാണിത്. അതേസമയം, നിക്ഷേപ വളർച്ചയിൽ കാര്യമായ കുറവുണ്ടാകുകയുംചെയ്തു. വാർഷിക വളർച്ച 9.5ശതമാനത്തിലൊതുങ്ങി.റീട്ടെയിൽ വായ്പകളോടൊപ്പം കോർപറേറ്റുകൾക്കിടയിലെ മൂലധന ഡിമാന്റ് പെട്ടെന്ന് വർധിച്ചതുമാണ് പ്രതിസന്ധിക്ക് കാരണമായതെന്ന് റേറ്റിങ് ഏജൻസിയായ കെയർ എഡ്ജ് വിലയിരുത്തുന്നു. വായ്പാ ആവശ്യകത വർധിച്ചതോടെ ബാങ്കുകൾ നിക്ഷേപ പലിശയും ഉയർത്തിതുടങ്ങി.

1.15ശതമാനം വർധനവാണ് നിക്ഷേപ പലിശയിൽ ആക്സിസ് ബാങ്ക് പ്രഖ്യാപിച്ചത്. നവംബർ അഞ്ചുമുതലാണ് പുതുക്കിയ നിരക്ക് പ്രാബല്യത്തിലായത്. രണ്ടുമാസത്തിനിടെ രണ്ടാം തവണയാണ് ആക്സിസ് ബാങ്ക് എഫ്ഡി പലിശ കൂട്ടുന്നത്. എസ്ബിഐ ആകട്ടെ 25 മുതൽ 80 ബേസിസ് പോയന്റ് വരെയാണ് പലിശ വർധിപ്പിച്ചത്. ഒക്ടോബർ 15ന് 10-20 ബേസിസ് പോയന്റിന്റെ വർധനയ്ക്കു പിന്നാലെ ഒക്ടോബർ 22നായിരുന്നു രണ്ടാമത്തെ വർധന.നിലവിലെ സാഹചര്യം പരിഗണിച്ചാൽ നിക്ഷേപ പലിശ ഇനിയും വർധിപ്പിക്കേണ്ടിവരുമെന്നാണ് വിലയിരുത്തൽ. പലിശ നിരക്ക് കുറച്ചുകൂടി ഉയർന്നശേഷം സ്ഥിരതയാർജിക്കുമെന്നാണ് നിരീക്ഷണം. കോവിഡിനെ തുടർന്നുണ്ടായ പ്രതിസന്ധി തരണംചെയ്യുന്നിതിനാണ് റിസർവ് ബാങ്ക് നിരക്ക് കുത്തിനെ കുറച്ചത്. അതോടെ നിക്ഷേപ പലിശ എക്കാലത്തേയും താഴ്ന്ന നിലവാരത്തിലെത്തുകയുംചെയ്തു.

# നേരം ഇരുട്ടിവെളുത്തപ്പോൾ പാകിസ്താനിലെ പോലീസുകാരൻ 'കോടീശ്വരനായി'; അക്കൗണ്ടിൽ എത്തിയത് 10 കോടി

കറാച്ചി: നേരം ഇരുട്ടിവെളുത്തപ്പോൾ പാകിസ്താനിലെ പോലീസ് ഉദ്യോഗസ്ഥനെ 'കോടീശ്വരനാക്കി' ബാങ്ക് അധികൃതർ. ശമ്പളതുകയ്ക്കൊപ്പം പത്തുകോടി രൂപയാണ് കറാച്ചിയിലെ പോലീസ് ഉദ്യോഗസ്ഥനായ ആമിർ ഗോപാങ്ങിന്റെ അക്കൗണ്ടിലേക്ക് ബാങ്ക് അധികൃതർ നിക്ഷേപിച്ചത്. എന്നാൽ അമളി തിരിച്ചറിഞ്ഞതോടെ മണിക്കൂറുകൾക്കുള്ളിൽ പോലീസുകാരന്റെ അക്കൗണ്ട് ബാങ്ക് അധികൃതർ മരവിപ്പിക്കുകയും ചെയ്തു.

കഴിഞ്ഞദിവസമാണ് ആമിറിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ശമ്പളത്തിനൊപ്പം പത്തുകോടി രൂപയും എത്തിയത്. എന്നാൽ അബദ്ധം മനസ്സിലാക്കിയ ബാങ്ക് അധികൃതർ ഇദ്ദേഹത്തെ ഫോണിൽ വിളിച്ച് വിവരമറിയിച്ചു. ഇതോടെയാണ് ഇത്രയും വലിയ തുക അക്കൗണ്ടിലെത്തിയ വിവരം പോലീസുകാരൻ അറിഞ്ഞതെന്നും വാർത്താ ഏജൻസിയായ പി.ടി.ഐ. റിപ്പോർട്ട് ചെയ്തു.

'ഞാൻ ശരിക്കും ഞെട്ടിപ്പോയി. കാരണം ഇത്രയും പണം ഇതുവരെ ഞാൻ കണ്ടിട്ടില്ല. ആയിരക്കണക്കിന് രൂപയ്ക്ക് മുകളിൽ ഇതുവരെ എന്റെ അക്കൗണ്ടിൽ ഉണ്ടായിട്ടില്ല'- ഇതായിരുന്നു ആമിറിന്റെ പ്രതികരണം.

തെറ്റായി പണം കൈമാറിയ കാര്യം വിളിച്ചറിയിച്ചതിന് പിന്നാലെ ആമിറിന്റെ അക്കൗണ്ടും എ.ടി.എം. കാർഡും ബാങ്ക് അധികൃതർ മരവിപ്പിച്ചിരുന്നു. അക്കൗണ്ടിൽനിന്ന് പണം പിൻവലിക്കുന്നത് തടയാൻ വേണ്ടിയായിരുന്നു ഈ നടപടി. സംഭവത്തിൽ ബാങ്ക് അധികൃതർ അന്വേഷണം ആരംഭിച്ചതായാണ് റിപ്പോർട്ട്.

അതിനിടെ, പാക്കിസ്താനിലെ രണ്ടിടങ്ങളിൽ കൂടി സമാനരീതിയിലുള്ള അബദ്ധം സംഭവിച്ചതായും റിപ്പോർട്ടുകളുണ്ട്. ലർക്കാനയിലും സുക്കൂറിലും ജോലിചെയ്യുന്ന പോലീസുകാരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ഭീമമായ തുക അബദ്ധത്തിൽ നിക്ഷേപിച്ചത്. ലർക്കാനയിലെ മൂന്ന് പോലീസുകാരുടെ അക്കൗണ്ടുകളിലേക്ക് അഞ്ചുകോടി രൂപ വീതമാണ് എത്തിയത്. സുക്കൂറിലെ പോലീസുകാരന്റെ ബാങ്ക് അക്കൗണ്ടിലും അഞ്ചുകോടി രൂപ അബദ്ധത്തിൽ നിക്ഷേപിച്ചിരുന്നു.

യതോടെ പണലഭ്യതാ ഭീതിയിൽ ബാങ്കുകൾ. വായ്പാ വളർച്ചയോടൊപ്പം നിക്ഷേപവരവിൽ കുറവുണ്ടായതാണ് ബാങ്കുകളെ ബാധിച്ചത്. പണപ്പെരുപ്പത്തെ ചെറുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിപണിയിലെ അധിക പണം പിൻവലിക്കാൻ റിസർവ് ബാങ്ക് നടപടിയെടുത്തതും ബാങ്കുകളെ ബാധിച്ചു. അതോടൊപ്പം വേണ്ടത്ര നിക്ഷേപമെത്താതിരുന്നതും പ്രതിസന്ധി സൃഷ്ടിച്ചു.

ഇതേതുടർന്നാണ് ഒരാഴ്ചക്കിടെ ബാങ്കുകൾ നിക്ഷേപ പലിയിൽ കാര്യമായ വർധനവരുത്താൻ തയ്യാറായത്. വിപണിയിൽ രൂപപ്പെട്ട പ്രത്യേക സാഹചര്യം നിക്ഷേപകർക്ക് നേട്ടമാകുകയുംചെയ്തു. ആവശ്യത്തിന് പണം ലഭ്യമാകുന്നതുവരെ പലിശ ഉയരാനാണ് സാധ്യത.

ഒക്ടോബർ 21വരെയുള്ള കണക്കുപ്രകാരം 128.9 ലക്ഷം കോടി രൂപയാണ് ബാങ്കുകൾ വായ്പ നൽകിയത്. വായ്പാ വളർച്ച 17.9ശതമാനമാണെന്ന് ആർബിഐ പുറത്തുവിട്ട ദ്വൈവാര കണക്കുകൾ വ്യക്തമാക്കുന്നു. ഒമ്പതുവർഷത്തിനിടയിലെ ഉയർന്ന വാർഷിക വളർച്ചയാണിത്. അതേസമയം, നിക്ഷേപ വളർച്ചയിൽ കാര്യമായ കുറവുണ്ടാകുകയുംചെയ്തു. വാർഷിക വളർച്ച 9.5ശതമാനത്തിലൊതുങ്ങി.

റീട്ടെയിൽ വായ്പകളോടൊപ്പം കോർപറേറ്റുകൾക്കിടയിലെ മൂലധന ഡിമാന്റ് പെട്ടെന്ന് വർധിച്ചതുമാണ് പ്രതിസന്ധിക്ക് കാരണമായതെന്ന് റേറ്റിങ് ഏജൻസിയായ കെയർ എഡ്ജ് വിലയിരുത്തുന്നു. വായ്പാ ആവശ്യകത വർധിച്ചതോടെ ബാങ്കുകൾ നിക്ഷേപ പലിശയും ഉയർത്തിതുടങ്ങി.

1.15ശതമാനം വർധനവാണ് നിക്ഷേപ പലിശയിൽ ആക്സിസ് ബാങ്ക് പ്രഖ്യാപിച്ചത്. നവംബർ അഞ്ചുമുതലാണ് പുതുക്കിയ നിരക്ക് പ്രാബല്യത്തിലായത്.




രണ്ടുമാസത്തിനിടെ രണ്ടാം തവണയാണ് ആക്സിസ് ബാങ്ക് എഫ്ഡി പലിശ കൂട്ടുന്നത്. എസ്ബിഐ ആകട്ടെ 25 മുതൽ 80 ബേസിസ് പോയന്റ് വരെയാണ് പലിശ വർധിപ്പിച്ചത്. ഒക്ടോബർ 15ന് 10-20 ബേസിസ് പോയന്റിന്റെ വർധനയ്ക്കു പിന്നാലെ ഒക്ടോബർ 22നായിരുന്നു രണ്ടാമത്തെ വർധന.

നിലവിലെ സാഹചര്യം പരിഗണിച്ചാൽ നിക്ഷേപ പലിശ ഇനിയും വർധിപ്പിക്കേണ്ടിവരുമെന്നാണ് വിലയിരുത്തൽ. പലിശ നിരക്ക് കുറച്ചുകൂടി ഉയർന്നശേഷം സ്ഥിരതയാർജിക്കുമെന്നാണ് നിരീക്ഷണം. കോവിഡിനെതുടർന്നുണ്ടായ പ്രതിസന്ധി തരണംചെയ്യുന്നിതിനാണ് റിസർവ് ബാങ്ക് നിരക്ക് കുത്തിനെ കുറച്ചത്. അതോടെ നിക്ഷേപ പലിശ എക്കാലത്തേയും താഴ്ന്ന നിലവാരത്തിലെത്തുകയുംചെയ്തു.



# കൂട്ടബലാൽസംഗം : ഹൈക്കോടതി തൂക്കുകയർ വിധിച്ചവരെ വെറുതേവിട്ട് സുപ്രീം കോടതി

**ന്യൂഡൽഹി:** നിർഭയ കേസിനു മാസങ്ങൾക്കുമുമ്ബ് 2012-ൽ ഡൽഹിയിൽ 19 വയസുകാരിയെ ബലാത്സംഗംചെയ്തു കൊന്ന കേസിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മൂന്നു പേരെ സുപ്രീം കോടതി വെറുതെവിട്ടു.ഇരതേടാൻ തെരുവിലിറങ്ങുന്ന വേട്ടക്കാർ എന്ന് ഡൽഹി ഹൈക്കോടതി വിശേഷിപ്പിച്ച പ്രതികളെയാണു സുപ്രീം കോടതി സ്വതന്ത്രരാക്കിയത്. 2012 ഫെബ്രുവരിയിലായിരുന്നു കേസിന് ആസ്പദമായ സംഭവം.തട്ടിക്കൊണ്ടുപോയി ദിവസങ്ങൾക്കു ശേഷമാണു ഹരിയാനയിലെ രേവാരി ജില്ലയിലെ വയലിൽ യുവതിയുടെ മൃതദേഹം കണ്ടെത്തുന്നത്. കത്തിക്കരിഞ്ഞ നിലയിലായിരുന്നു ഇത്. ദേഹത്ത് ഗുരുതരമായ മുറിവുകളുമുണ്ടായിരുന്നു.ഡൽഹിയിലെ നജഫ്ഗഢ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. കൗമാരക്കാരിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത് കൊന്ന ശേഷം മൃതദേഹം റെവാരി വയലിൽ തള്ളിയെന്നായിരുന്നു പരാതി. കേസിൽ 2014 ഫെബ്രുവരിയിൽ ഡൽഹി കോടതി രവികുമാർ, രാഹുൽ, വിനോദ് എന്നീ മൂന്നു പ്രതികൾക്കു വധശിക്ഷ വിധിച്ചു. തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, കൊലപാതകം തുടങ്ങി വിവിധ കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്നു കണ്ടെത്തിയായിരുന്നു ശിക്ഷ. വധശിക്ഷ അതേ വർഷം തന്നെ ഡൽഹി ഹൈക്കോടതി ശരിവച്ചു. തെരുവിൽ ഇര തേടുന്ന വേട്ടക്കാരാന്നാണ് അന്ന് കോടതി പരാമർശിച്ചത്. ഹൈക്കോടതി വിധി ചോദ്യംചെയ്ത് മൂവരും സുപ്രീം കോടതിയെ സമീപിച്ചു. ചീഫ് ജസ്റ്റിസ് യു.യു ലളിത്, ജസ്റ്റിസുമാരായ എസ്. രവീന്ദ്ര ഭട്ട്, ബേല എം. ത്രിവേദി എന്നിവരടങ്ങിയ ബെഞ്ചാണ് ഹൈക്കോടതി വിധി റദ്ദാക്കി മൂവരെയും മോചിപ്പിച്ചത്. വധശിക്ഷ കുറയ്ക്കുന്നതിനെ ഡൽഹി പോലീസ് സുപ്രീം കോടതിയിൽ എതിർത്തു. കുറ്റകൃത്യം ഇരയ്ക്കെതിരേ മാത്രമല്ല, സമൂഹത്തിനെതിരേ കൂടിയാണെന്ന് അവർ വാദിച്ചു. എന്നാൽ, പ്രതികളുടെ പ്രായം, കുടുംബ പശ്ചാത്തലം, മുൻകാല ക്രിമിനൽ ചരിത്രം എന്നിവ പരിഗണിക്കണമെന്നായിരുന്നു പ്രതിഭാഗം വാദം.വിധി വന്നതും തങ്ങൾ തകർന്നുപോയെന്ന് പെൺകുട്ടിയുടെ മാതാപിതാക്കൾ പ്രതികരിച്ചു. ഞങ്ങൾ ഇവിടെ വന്നത് നീതിക്കു വേണ്ടിയാണ്. ഇതൊരു അന്ധമായ നീതിന്യായ വ്യവസ്ഥയാണ്. നീതിക്കു വേണ്ടിയുള്ള 12 വർഷത്തെ പോരാട്ടത്തിന് അടിവരയിട്ട് ഇനി കുറ്റവാളികൾ കോടതിമുറിക്കുള്ളിൽ ഞങ്ങളെ ഭീഷണിപ്പെടുത്തും. എന്നാലും നിയമപോരാട്ടം തുടരാനാണ് തീരുമാനം'- അവർ പറഞ്ഞു.



# ബീഫ് തിന്ന് മടുത്തു; തുറന്ന് വിട്ട് 24 മണിക്കൂറിനുള്ളിൽ ആദ്യത്തെ ഇരയെ വേട്ടയാടി ചീറ്റകൾ

**ഭോപ്പാൽ:** ആഫ്രിക്കൻ രാജ്യമായ നമീബിയയിൽ നിന്ന് കൊണ്ടുവന്ന് മദ്ധ്യപ്രദേശ് കുനോ നാഷണൽ പാർക്കിൽ ക്വാറന്റൈൻ ചെയ്തിരുന്ന എട്ട് ചീറ്റകളിൽ രണ്ട് ചീറ്റകളെ അതിനായി ഒരുക്കിയ വിശാലമായ പുതിയ വാസസ്ഥാനത്തേയ്ക്ക് മാറ്റിയിരുന്നു.ശനിയാഴ്ച വൈകുന്നേരമാണ് പാർക്കിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചീറ്റകൾക്ക് പുതിയ സ്ഥലംമാറ്റം നൽകിയത്. ഇവിടെ ചീറ്റകൾക്ക് വേട്ടയാടുന്നതിനായി പുള്ളിമാനുകളെ എത്തിക്കുമെന്ന് വിവരങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ തുറന്ന് വിട്ട് 24 മണിക്കൂറിനുള്ളിൽ അവർ ആദ്യത്തെ ഇരയെ വേട്ടയാടിയതായി ഉദ്യോഗസ്ഥർ അറിയിച്ചു. ഞായറാഴ്ച രാത്രിയോ തിങ്കളാഴ്ച പുലർച്ചെയോ ചീറ്റകൾ വേട്ടയാടിയതായാണ് റിപ്പോർട്ട്. പുതിയ ആവാസവ്യവസ്ഥയിൽ എത്തിയ ശേഷമുള്ള ആദ്യ ഇര പിടിത്തമായിരുന്നു ഇത്. ഇന്ത്യയിലെത്തിച്ച ചീറ്റകളെല്ലാം ആരോഗ്യത്തോടെ കഴിയുന്നതായി പ്രധാനമന്ത്രി ഇന്നലെ അറിയിച്ചിരുന്നു. വന്യമൃഗങ്ങളെ ഒരു രാജ്യത്ത് നിന്ന് മാറ്റൊരു രാജ്യത്തേക്ക് മാറ്റുന്നതിന് മുമ്ബും ശേഷവും ഒരു മാസം ക്വാറന്റൈനിൽ കഴിയണമെന്നാണ്. അണുബാധ ഉണ്ടാവാതിരിക്കാനാണ് ഇത്. കൊണ്ടുവന്ന ഏട്ട് ചീറ്റപ്പുലികളെയും ക്വാറന്റൈനിൽ വച്ചിരുന്നു.അപ്പോൾ എരുമയുടെ മാംസമാണ് തീറ്റയായി നൽകിയിരുന്നത്. അതിൽ രണ്ട് പേരെയാണ് ഇപ്പോൾ അവരുടെ ആവാസവ്യവസ്ഥയിലെയ്ക്ക് തുറന്നു വിട്ടത്. ഇനിയുള്ള ആറെണ്ണത്തെ നിരീക്ഷിച്ച ശേഷം വരും ദിവസങ്ങളിൽ ഘട്ടം ഘട്ടമായി വലിയ ആവാസ വ്യവസ്ഥയിലേക്ക് തുറന്ന് വിടും.ഇതിനിടയിൽ ആശ എന്ന ചീറ്റ ഗർഭിണിയാണെന്ന വാർത്തകൾ പുറത്ത് വന്നിരുന്നു. ജനങ്ങളെ അതിൽ ഏറെ സന്തോഷിപ്പിച്ചെങ്കിലും ഗർഭമലസിയതായി സ്ഥിരീകരിച്ചു. ആവാസവ്യവസ്ഥ മാറിയതിനാലുണ്ടായ മാനസിക സമ്മർദ്ദത്തിലാണ് ഗർഭമലസിയത് എന്നാണ് ചീറ്റ കൺസർവേഷൻ ഫണ്ട് ഡോ ലോറി മാർക്കർ അറിയിച്ചത്.ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി സെപ്തംബർ 17നാണ് നമീബിയിൽ നിന്ന് എട്ട് ചീറ്റപ്പുലികളെ ഇന്ത്യയിൽ എത്തിച്ചത്. അഞ്ച് പെണ്ണ് ചീറ്റപ്പുലികളും മൂന്ന് ആൺ ചീറ്റപ്പുലികളുമാണ് ഉള്ളത്.




# നടരാജ് പെൻസിൽ വീട്ടിൽ പാക്ക് ചെയ്താൽ ലക്ഷം രൂപ കിട്ടുമെന്ന് വാഗ്ദാനം; അരൂർ സ്വദേശിയിൽ നിന്നും തട്ടിച്ച പണം തിരികെ വാങ്ങി സൈബർ പൊലീസ്

**കൊച്ചി:** നടരാജ് പെൻസിൽ കമ്ബനിയുടെ പേരിൽ ഉയർന്ന ശമ്ബളമുള്ള ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്. പെൻസിലുകൾ വീട്ടിലിരുന്ന് പാക്ക് ചെയ്ത് കൊടുത്താൽ മാസം ഒരു ലക്ഷം രൂപ വരെ സമ്ബാദിക്കാമെന്നാണ് വാഗ്ദാനം.ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവ ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിൽ പരസ്യം നൽകുകയാണ് തട്ടിപ്പിൻറെ രീതി. വിളിക്കേണ്ട മൊബൈൽ നമ്ബർ വരെ നൽകിയാണ് തട്ടിപ്പ്. ഉയർന്ന ശമ്ബളം പ്രതീക്ഷിച്ച് ജോലിക്ക് വേണ്ടി വാട്സാപ് നമ്ബറിൽ ബന്ധപ്പെടുന്നവരോട് 520 രൂപ രജിസ്ട്രേഷൻ ഫീസ് ആവശ്യപ്പെടും. ഗൂഗിൾ പേ വഴിയോ ഫോൺപേ വഴിയോ തുക നൽകാൻ ആവശ്യപ്പെടും. അടുത്ത പടി ഫോട്ടോ വാങ്ങി കമ്ബനിയുടെ തിരിച്ചറിയൽ കാർഡ് അയച്ചുകൊടുക്കും. പിന്നീട് മേൽവിലാസം വെരിഫൈ ചെയ്യാൻ 1400 രൂപ വീണ്ടും ആവശ്യപ്പെടും. ഈ 1920 രൂപ റീഫണ്ട് ചെയ്യുമെന്നും കമ്ബനി പറയും. പിന്നീട് കൊറിയൽ ചാർജ്ജായി 2000 രൂപ കൂടി ആവശ്യപ്പെട്ടപ്പോൾ അരൂർ സ്വദേശി കൊച്ചി സിറ്റി സൈബർ ക്രൈം പൊലീസിൽ പരാതി നൽകി. സൈബർ ക്രൈം പൊലീസ് തട്ടിപ്പ് സംഘത്തിൽ നിന്നും അരൂർ സ്വദേശി നൽകിയ 1920 രൂപ തിരിച്ച് വാങ്ങിക്കൊടുത്തു.ഇയാൾ നൽകിയ തുക ഉത്തർപ്രദേശിലെ ഒരു ബാങ്ക് അക്കൗണ്ടിലേക്കാണ് പോയതെന്ന് പൊലീസ് കണ്ടെത്തി. പൊലീസ് അക്കൗണ്ട് ഉടമയെ വിളിച്ച് തുക തിരിച്ച നൽകാൻ ആവശ്യപ്പെട്ട ഉടൻ തട്ടിപ്പ് സംഘം തുക തിരിച്ചുകൊടുത്തു.



# കേരളത്തിലെ മാധ്യമങ്ങളെ ഗോദി മീഡിയയാക്കി മാറ്റാനാണ് ഗവർണറുടെ ശ്രമം; സി.പി.ഐ.എം

വാർത്ത സമ്മേളനത്തിൽ നിന്നും മാധ്യമ പ്രതിനിധികളെ ഇറക്കി വിട്ട ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ നടപടി ജനാധിപത്യ മൂല്യങ്ങളോടുള്ള കടുത്ത അവഹേളനമാണെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു.ഭരണാധികാരിയുടെ മടിയിൽ കയറിയിരുന്ന് അവരെ സുഖിപ്പിച്ച് മാത്രം സംസാരിക്കുന്ന ഗോദി മീഡിയായി കേരളത്തിലെ മാധ്യമങ്ങളെയും മാറ്റാനാണ് ഗവർണറുടെ ശ്രമം. അതിന് വഴങ്ങികൊടുത്തില്ലെങ്കിൽ പുറത്താക്കുമെന്ന സന്ദേശമാണ് ഇതിലൂടെ നൽകിയത്. നേരത്തെ അനുവാദം വാങ്ങി വാർത്ത സമ്മേളനത്തിന് എത്തിയ മാധ്യമ പ്രവർത്തകരേയാണ് ഗവർണർ പുറത്താക്കിയെന്നത് അത്യന്തം ഗൗരവകരമാണ്. ഈ നടപടി മാധ്യമ സ്വാതന്ത്ര്യത്തിന് നേരേയുള്ള കടന്നുകയറ്റമാണ്. അടിയന്തരാവസ്ഥക്കാലത്ത് പോലും കേട്ടുകേൾവിയില്ലാത്ത നടപടിയാണ് ഗവർണറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഗവർണറുടെ ഈ നപടി സത്യപ്രതിജ്ഞാലംഘനവും, ഭരണഘടനാലംഘനവും കൂടിയാണ്.ഭരണഘടനയിലെ 19(1) (എ) വകുപ്പ് ഉറപ്പ് നൽകുന്ന അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തെയാണ് അത് സംരക്ഷിക്കാൻ ചുമതലപ്പെട്ട ഗവർണർ തന്നെ ചവിട്ടിമെതിച്ചത്. സ്റ്റേറ്റ് പൗരനോട് വിവേചനം കാട്ടരുത് എന്ന് വിഭാവനം ചെയ്യുന്ന ഭരണഘടനയുള്ള രാജ്യത്താണ് ഗവർണർ തന്നെ അത് ലംഘിക്കാൻ തയ്യാറായിട്ടുള്ളത്. ജനാധിപത്യത്തോടും, തുറന്ന സംവാദത്താടും താൽപര്യമില്ലാത്ത ഗവർണർ താൻ പറയുന്നത് മാത്രം കേട്ടാൽ മതിയെന്ന ധർഷ്ട്യമാണ് പ്രകടിപ്പിച്ചത്. കേരളത്തേയും, മലയാളികളേയും തുടർച്ചയായി അപമാനിച്ച് ഫെഡറൽ മൂല്യങ്ങളെ അല്പം പോലും അംഗീകരിക്കാത്ത നിലയിലുള്ള നടപടികളാണ് ഗവർണറിൽ നിന്നും തുടർച്ചയായി ഉണ്ടായിട്ടുള്ളത്. ആദ്യം മലയാളം മാധ്യമങ്ങളോട് സംസാരിക്കില്ലെന്ന് പറഞ്ഞ ഗവർണർ മലയാളം ഭാഷയെയും, സംസ്ക്കാരത്തെയും തുടർച്ചയായി അപമാനിക്കുകയാണ്. പിന്നീട് പാർടി കേഡർമാരായയ മാധ്യമപ്രവർത്തകരോട് സംസാരിക്കില്ലെന്ന് പറഞ്ഞ് ഗവർണർ ആർ.എസ്.എസ് കേഡറായി പ്രവർത്തിക്കുകയായിരുന്നു.ഗവർണറുടെ ജനാധിപത്യവിരുദ്ധവും എകാധിപത്യപരവുമായ ഈ നടപടികൾക്കെതിരെ പുരോഗമന ജനാധിപത്യ കേരളം പ്രതിഷേധമാണുയർത്തിയത്. മാധ്യമ സ്വാതന്ത്ര്യത്തിനെതിരായ കടന്നുകയറ്റത്തിനെതിരെ മാധ്യമങ്ങളിൽ നിന്ന് തന്നെ കടുത്ത പ്രതിഷേധം ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നതായും സി.പി.ഐ.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ വ്യക്തമാക്കുന്നു.



# 16കാരിയെ നിരന്തരമായി പീഡിപ്പിച്ച്17-കാരൻ; ഒടുവിൽ പെൺകുട്ടി ഗർഭിണിയായതോടെ പോലീസ് പിടിയിൽ; ഇരുവരും ഒരേ സ്കൂളിലെ വിദ്യാർത്ഥികൾ

**പത്തനംതിട്ട:** പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനി ഗർഭിണിയായ സംഭവത്തിൽ 17-കാരൻ കസ്റ്റഡിയിൽ.16-കാരിയായ പെൺകുട്ടിയുടെ സ്കൂളിൽ പഠിക്കുന്ന സീനിയർ വിദ്യാർത്ഥിയാണ് പോലീസ് പിടിയിലായത്. ഇരുവരും തമ്മിൽ അടുത്ത സൗഹൃദത്തിലായിരുന്നുവെന്ന് പോലീസ് കണ്ടെത്തി.പ്ലസ് വൺ വിദ്യാർത്ഥിനിയായ 16-കാരിയെ ശാരിരിക അസ്വസ്ഥതകളെ തുടർന്നായിരുന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തുടർന്ന് പെൺകുട്ടി 5 മാസം ഗർഭിണിയാണെന്ന് പരിശോധനയിൽ കണ്ടെത്തി. ഇതോടെ ആശുപത്രി അധികൃതർ പെൺകുട്ടിക്ക് കൗൺസിലിംഗ് ആരംഭിച്ചു. ഇതിനിടെയാണ് പെൺകുട്ടി സുഹൃത്തിനെക്കുറിച്ച് വെളിപ്പെടുത്തിയത്. തുടർന്ന് വിവരമറിഞ്ഞ രക്ഷിതാക്കൾ ആറൻമുള പോലീസിനെ സമീപിക്കുകയായിരുന്നു. വിശദമായ അന്വേഷണം നടത്തിയതിനൊടുവിൽ ആരോപണ വിധേയനായ ആൺകുട്ടിയെ പോലീസ് കസ്റ്റഡിയിൽ എടുത്തു. ചോദ്യം ചെയ്യലിൽ വിദ്യാർത്ഥി കുറ്റം സമ്മതിച്ചു.2018 ഏപ്രിൽ മുതലാണ് പെൺകുട്ടിയുമായുള്ള സൗഹൃദം ആരംഭിച്ചത്. പരിചയപ്പെട്ടത് മുതൽ ഇരുവരും പഠിക്കുന്നത് ഒരേ സ്കൂളിലാണ്. 2019ൽ വീടിന് സമീപത്തെ ആളൊഴിഞ്ഞ കെട്ടിടത്തിൽ എത്തിച്ചായിരുന്നു ആദ്യമായി പെൺകുട്ടിയെ സുഹൃത്ത് ലൈംഗികമായി ഉപയോഗിച്ചത്. ഇതിന് ശേഷം പലതവണ പെൺകുട്ടിയുടെ വീട്ടിൽ എത്തി ലൈംഗിക അതിക്രമം നടത്തിയിരുന്നു. ഒടുവിൽ 16-കാരി ഗർഭിണിയായതോടെയാണ് വിവരം പുറത്തുവന്നതെന്ന് ആറന്മുള പോലീസ് അറിയിച്ചു. ആരോപണ വിധേയനായ വിദ്യാർത്ഥിയെ ജുവനൈൽ ജസ്റ്റിസ് കോടതിയിൽ ഹാജരാക്കുമെന്നും പോലീസ് വ്യക്തമാക്കി.



# നിഷാമിന്ന്വധശിക്ഷ നൽകാനാവശ്യപ്പെട്ട് സർക്കാർ സുപ്രീംകോടതിയിലേക്ക്

**തൃശൂർ:** പുഴയ്ക്കലിൽ സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാറിടിച്ചു കൊലപ്പെടുത്തിയ കേസിൽ മുഹമ്മദ് നിഷാമിന് വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് കേരളം സുപ്രീംകോടതിയെ സമീപിക്കും. ഹൈക്കോടതി ശരിവച്ച ജീവപര്യന്തം തടവുശിക്ഷയ്ക്കെതിരേ അപ്പീൽ നൽകാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി.എ. ഷാജി നൽകിയ നിയമോപദേശം സർക്കാർ അംഗീകരിച്ചു. അപൂർവങ്ങളിൽ അപൂർവമായ കേസ് ആയതിനാൽ വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടാണ് സംസ്ഥാനസർക്കാർ സുപ്രീം കോടതിയെ സമീപിക്കുക. സർക്കാരിന്റെ കർശനനീക്കം നിഷാമിനു വൻതിരിച്ചടിയാണ്. കൊടുംക്രൂരത കാട്ടിയ നിഷാം ഇപ്പോൾ ജയിലിലാണ്. ജീവപര്യന്തം തടവിനു പുറമെ വിവിധ വകുപ്പുകളിൽ 24 വർഷം തടവും 80.30 ലക്ഷം രൂപ പിഴയുമായിരുന്നു തൃശൂർ സെഷൻസ് കോടതി മുഹമ്മദ് നിഷാമിന് നേരത്തെ വിധിച്ചത്. പിഴത്തുകയിൽ 50 ലക്ഷം രൂപ ചന്ദ്രബോസിന്റെ കുടുംബത്തിന് നൽകാനും നിർദേശിച്ചിരുന്നു. വിചാരണ കോടതിയുടെ വിധി ഹൈക്കോടതി പൂർണമായും ശരിവയ്ക്കുകയായിരുന്നു. കേസിൽ മോചനം ആവശ്യപ്പെട്ട് ഇതിനിടെ നിഷാം സുപ്രീംകോടതിയേയും സമീപിച്ചിരുന്നുവെങ്കിലും അനുകൂലവിധിയുണ്ടായില്ല. ഭ്രാന്തമായ ആക്രമണമാണ് ചന്ദ്രബോസിനു നേരേ നിഷാം നടത്തിയതെന്നും വിധിയിൽ ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. അതേസമയം അപൂർവങ്ങളിൽ അപൂർവമായ കേസാണ് ഇതെന്ന സർക്കാർ വാദത്തോട് ഹൈക്കോടതി വിയോജിച്ചിരുന്നു. ഇതിനെതിരേയാണ് സംസ്ഥാന സർക്കാർ അപ്പീലുമായി സുപ്രീം കോടതിയെ സമീപിക്കുക.



# പനമരത്ത് തേനീച്ച ആക്രമണം; നിരവധിപേർക്ക് പരിക്ക്

**പനമരം:** പനമരത്ത് തേനീച്ചകളുടെ ആക്രമണത്തിൽ 20 പേർക്ക് പരിക്ക്. ഞായറാഴ്ച രാവിലെ പത്തോടെയാണ് പനമരം പാലത്തിലൂടെയും പാലം അപ്രോച്ച് റോഡിലൂടെയും നടന്നുവരുന്നവർക്കും സമീപത്തുണ്ടായിരുന്നവർക്കും അപ്രതീക്ഷിതമായി കുത്തേറ്റത്. റോഡരികിൽ നിൽക്കുന്നവർക്കും സമീപത്തെ കച്ചവടക്കാർക്കും ബസ് യാത്രക്കാർക്കും കുത്തേറ്റു. പനമരം വലിയ പാലത്തിന് അടിയിലായും സമീപത്തായുള്ള അക്കേഷ്യ മരങ്ങളിലും തേനീച്ച കൂടുകൂട്ടിയിട്ടുണ്ട്. പാലത്തിനടിയിലെ തേനീച്ചക്കൂടാണ് ഞായറാഴ്ച രാവിലെ ഇളകിയതെന്നാണ് നാട്ടുകാർ പറയുന്നത്. തേനീച്ചകളുടെ ആക്രമണത്തിൽ സാരമായി പരിക്കേറ്റ 20 പേരാണ് പനമരം സി.എച്ച്.എസിയിൽ ചികിത്സ തേടിയത്. ബെന്നി നടവയൽ, എ.പി. അബു പരക്കുനി, എൻ. വിനോദ് കീഞ്ഞുകടവ്, ലുബ്ബീന, വിബിൻലാൽ, ടി.പി. സിറാജ്, പി.ടി. മുനവ്വർ, മിഥുൻ, നിഷാദ്, ദർഷ്, പി.കെ. നിജാദ് തുടങ്ങിയവർക്കാണ് പരിക്കേറ്റത്. പരുന്തിന്റെ ആക്രമണമാണ് തേനീച്ചക്കൂട് ഇളകാൻ കാരണമെന്നാണ് നാട്ടുകാർ പറയുന്നത്.പരിക്കേറ്റ ബെന്നിയെ പനമരം സി.എച്ച്.സിയിൽ പ്രവേശിപ്പിച്ചപ്പോൾ പ്രദേശത്ത് നേരത്തേയും ഇത്തരത്തിൽ തേനീച്ചയുടെ ആക്രമണമുണ്ടായിട്ടുണ്ട്. പനമരം വലിയ പാലത്തിന് താഴെയും തൊട്ടടുത്ത അക്കേഷ്യ മരങ്ങൾക്കിടയിലും നിരവധി തേനീച്ചയുടെ കൂടുകളുണ്ട്. വർഷങ്ങളായി പാലത്തിന്റെ അടിഭാഗത്ത് തേനീച്ചകൾ കൂടുകൂട്ടുന്നുണ്ട്. പത്തും മുപ്പതും കിലോ തൂക്കംവരുന്ന കൂടുകളാണുള്ളത്. പനമരം-മാനന്തവാടി പ്രധാന റോഡായതിനാൽ ഇടതടവില്ലാതെ വാഹനങ്ങൾ സഞ്ചരിക്കുന്ന ഇടമാണിത്.



# മികച്ച വിദ്യാഭ്യാസവും തൊഴിലും നേടിയവരെ പിന്നാക്ക വിഭാഗത്തിൽനിന്നു മാറ്റണം: ജസ്റ്റീസ് ജെ.ബി. പർദീവാല

**ന്യൂഡൽഹി:** സംവരണത്തിൻറെ കാലാവധി അനിശ്ചിതമായി നീണ്ടുപോകാനിടയാക്കരുതെന്ന് ജസ്റ്റീസ് ജെ.ബി. പർദീവാല നിരീക്ഷിച്ചു.സംവരണമല്ല അവസാന വാക്ക്. പക്ഷേ, അത് സാമൂഹികവും സാന്പത്തികവുമായ നീതി ഉറപ്പാക്കും. നിക്ഷിപ്ത താത്പര്യങ്ങൾ വച്ചുപുലർത്തി സംവരണം അനുവദിക്കാനാകില്ല.സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയുടെ യഥാർഥ പരിഹാരം എന്നത് അതിനുള്ള കാരണം കണ്ടെത്തി ഉന്മൂലനം ചെയ്യുക എന്നതാണ്. അതിനുള്ള ശ്രമങ്ങൾ സ്വാതന്ത്ര്യം ലഭിച്ചയുടൻ തുടങ്ങിയതാണ്. ഏഴു പതിറ്റാണ്ടു കഴിഞ്ഞിട്ടും ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുകയാണ്. ദീർഘകാലത്തെ വികസന പ്രവർത്തനങ്ങളും വിദ്യാഭ്യാസത്തിൻറെ പ്രചാരവും സമൂഹത്തിലെ അസമത്വം ഒരുപരിധി വരെ ഇല്ലാതാക്കിയിട്ടുണ്ട്.മികച്ച വിദ്യാഭ്യാസവും തൊഴിലും നേടിയിട്ടുള്ളവരെ പിന്നാക്ക വിഭാഗത്തിൽനിന്നു മാറ്റണം. എന്നാൽ, മാത്രമേ ഇനിയും യഥാർഥ സഹായം ആവശ്യമുള്ളവർക്ക് കൂടുതൽ ശ്രദ്ധ ലഭിക്കൂ. അതിനാൽ, പിന്നാക്ക വിഭാഗങ്ങളെ കണ്ടെത്തുന്ന സംവിധാനംതന്നെ പുനഃപരിശോധിക്കണം. ഇന്നത്തെ കാലത്ത് അത് ഏറ്റവും അനിവാര്യവുമാണ്.ഡോ. അംബേദ്കറുടെ വാക്കുകൾ ചൂണ്ടിക്കാട്ടി, സാമൂഹിക ഐക്യം ഉറപ്പിക്കാൻ സംവരണം ഏർപ്പെടുത്തിയത് പത്തു വർഷത്തേക്കു മാത്രമായിരുന്നെന്നും എന്നാൽ, ഇന്നും അത് അതേപടി തുടർന്നു പോകുകയാണെന്നും ജസ്റ്റീസ് പർദീവാല ചൂണ്ടിക്കാട്ടി.





# ആരോഗ്യരംഗത്ത് പുതിയ കുതിപ്പുമായി കറുകുറ്റി അപ്പോളോ അഡ്‌ലക്സ് ആശുപത്രി

**അങ്കമാലി:** ആരോഗ്യരംഗത്ത് പുതിയ കുതിപ്പുമായി കറുകുറ്റി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. വൈദ്യശാസ്ത്ര രംഗത്തെ അതിനൂതന ശസ്ത്രക്രിയാരീതിയായ ഡാ-വിഞ്ചി എക്സ് ഐ എന്ന റോബോട്ടിക് ശസ്ത്രക്രിയ തുടങ്ങാൻ തങ്ങൾ സജ്ജരാവുന്നുവെന്ന് അപ്പോളോ അഡ്‌ലക്സ് അധികൃതർ അറിയിച്ചു.ഡോക്ടറുടെ മേൽനോട്ടത്തിൽ തന്നെ നടക്കുന്ന ഈ രീതിയിലുള്ള ശസ്ത്രക്രിയയിലൂടെ തികച്ചും സുരക്ഷിതവും പിഴവുകൾ ഇല്ലാത്തതുമായ ശസ്ത്രക്രിയ നടത്തുവാൻ സാധിക്കും.ശസ്ത്രക്രിയ കഴിഞ്ഞാൽ രോഗി വേഗം സുഖപ്പെടുകയും തന്മൂലം ആശുപത്രിവാസം കുറക്കാനും ഡാ-വിഞ്ചി ശസ്ത്രക്രിയയെക്കൊണ്ട് കഴിയും.നിരവധി സങ്കീർണമായ ശസ്ത്രക്രിയകൾ ഇനി ഒട്ടും പ്രയാസമില്ലാതെ ചെയ്യാൻ സാധിക്കും എന്നതാണ് ഈ റോബോട്ടിക് വിദ്യയുടെ പ്രത്യേകത എന്ന് മെഡിക്കൽ ഡയറക്ടർ ഡോ. അനിൽ എസ്.ആർ. അഭിപ്രായപ്പെട്ടു. ഗർഭപാത്രം നീക്കം ചെയ്യൽ, ഈ.എൻ.ടി. ശസ്ത്രക്രിയകൾ, ഹെർണിയ ശസ്ത്രക്രിയ, പ്രാസ്റ്റേറ്റ് ഗ്രന്ഥി നീക്കം ചെയ്യൽ, ഉദരത്തിലെ ട്യൂമർ നീക്കം ചെയ്യൽ, അമിതവണ്ണത്തിനുള്ള ശസ്ത്രക്രിയകൾ, പെരുങ്കുടലിനെയും മലാശയത്തെയും മൂത്രാശയത്തെയും ബാധിക്കുന്ന നിരവധി രോഗങ്ങൾക്കുള്ള ശസ്ത്രക്രിയകൾ തുടങ്ങി നിരവധി സങ്കീർണമായ ശസ്ത്രക്രിയകൾ ആണ് ഡാ-വിഞ്ചി വഴി ചെയ്യാൻ ഉദ്ദേശിക്കുന്നത്. ശസ്ത്രക്രിയക്ക് കുറഞ്ഞ സമയം, വളരെ ചെറിയ മുറിവ്, കുറഞ്ഞ രക്തസ്രാവം, കുറഞ്ഞ ഇൻഫെക്ഷൻ സാധ്യത, വേദനാസംഹാരി മരുന്നുകളുടെ കുറഞ്ഞ ഉപയോഗം എന്നിങ്ങനെ രോഗികൾക്കും ഗുണങ്ങൾ ഏറെയാണ്. 90 ശതമാനം കേസുകളിലും രോഗിക്ക് ശസ്ത്രക്രിയ കഴിഞ്ഞാൽ അന്നുതന്നെ വീട്ടിൽ പോകാനും സാധിക്കും.രോഗികൾക്ക് വേണ്ടി ഏറ്റവും നൂതനമായ ചികിത്സാരീതികളും സാങ്കേതികവിദ്യകളും അവതരിപ്പിക്കാൻ ആണ് അപ്പോളോ അഡ്‌ലക്സ് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന് അപ്പോളോ അഡ്‌ലക്സ് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ സുധീശൻ പുഴേക്കടവിൽ വാർത്താകുറിപ്പിൽ അറിയിച്ചു. ഡാ-വിഞ്ചി റോബോട്ടിക് ശസ്ത്രക്രിയയുടെ വരവോടെ അപ്പോളോ അഡ്‌ലക്സ് ആശുപത്രി കേരളത്തിലെ ആരോഗ്യരംഗത്ത് ജനോപകാരമായ മാറ്റം കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു. 9447038129 ദേവസി അങ്കമാലി.



# സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് മുന്നേറ്റം

* റെറ്റിനോ ബ്ലാസ്റ്റോമയടക്കമുള്ള കണ്ണിലെ കാൻസറിനുള്ള സമഗ്ര ചികിത്സാ സംവിധാനം ആദ്യമായി എംസിസിയിൽ

* എംസിസിയിൽ ന്യൂറോ സർജിക്കൽ ഓങ്കോളജി സംവിധാനം

* സർക്കാർ മേഖലയിൽ ആദ്യമായി ആർസിസിയിൽ ലുട്ടീഷ്യം ചികിത്സ

സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തലശേരി മലബാർ കാൻസർ സെന്ററിൽ (എംസിസി) കുട്ടികളുടെ കണ്ണിനെ ബാധിക്കുന്ന കാൻസർ രോഗമായ റെറ്റിനോ ബ്ലാസ്റ്റോമയ്ക്കുള്ള ചികിത്സയും ന്യൂറോ സർജിക്കൽ ഓങ്കോളജി സംവിധാനവും ആരംഭിച്ചു. തിരുവനന്തപുരം ആർസിസിയിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി ലുട്ടീഷ്യം ചികിത്സ ആരംഭിച്ചു. നൂതന ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയാണ് ഈ രണ്ട് കാൻസർ സെന്ററുകളിലും ഇവ യാഥാർത്ഥ്യമാക്കിയത്. സംസ്ഥാനത്തെ കാൻസർ നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾക്ക് കാൻസർ കെയർ പോർട്ടൽ അടുത്തിടെ സജ്ജമാക്കിയിരുന്നു. ആരോഗ്യ വകുപ്പിന്റെ 'അൽപം ശ്രദ്ധ, ആരോഗ്യം ഉറപ്പ്' എന്ന കാമ്പയിന്റെ ഭാഗമായി 40 ലക്ഷത്തോളം ആളുകളിൽ ജീവിതശൈലീ രോഗ സാധ്യതാ സ്ക്രീനിംഗ് നടത്തി. അതിൽ 2.60 ലക്ഷം ആളുകളെയാണ് ഈ പോർട്ടൽ വഴി കാൻസർ ക്ലിനിക്കൽ സ്ക്രീനിംഗിന് വിധേയമാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

വളരെ ചെറിയ പ്രായത്തിലുള്ള കുട്ടികളുടെ കണ്ണിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന റെറ്റിനോ ബ്ലാസ്റ്റോമയടക്കമുള്ള കണ്ണിൽ വരുന്ന കാൻസർ ചികിത്സയാണ് എംസിസിയിൽ സജ്ജമാക്കിയിരിക്കുന്നത്. കണ്ണിന്റെ കാഴ്ച്ച പൂർണമായും നഷ്ടപ്പെടാനിടയുള്ള ഈ കാൻസർ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ പൂർണമായും കാഴ്ച്ചയും ജീവനും നിലനിർത്താൻ കഴിയും. നൂതന ചികിത്സാ സജ്ജീകരണങ്ങൾ ഒരുക്കിയാണ് സംസ്ഥാനത്ത് ആദ്യമായി റെറ്റീനോ ബ്ലാസ്റ്റോമ സമഗ്ര ചികിത്സാ സംവിധാനം യാഥാർത്ഥ്യമാക്കിയത്. ഈ ചികിത്സയ്ക്കായി സംസ്ഥാനത്തിന് പുറത്തേയ്ക്കു പോയിക്കൊണ്ടിരിക്കുന്ന രോഗികൾക്ക് ഇതോടെ ആശ്വാസമാകും. കുട്ടികളുടെ കാൻസർ ചികിത്സയ്ക്കായി വിവിധ സർക്കാർ പദ്ധതികളിലൂടെ തീർത്തും സൗജന്യമായി സമഗ്ര ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ എംസിസിയിൽ ഒരുക്കിയിട്ടുണ്ട്.

ലേസർ ചികിത്സ, ക്രയോതെറാപ്പി തുടങ്ങിയ കണ്ണിലേക്ക് നേരിട്ട് നൽകുന്ന ചികിത്സയും കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ കീമോതെറാപ്പി, റേഡിയേഷൻ എന്നിവയുമാണ് ചികിത്സാ രീതി. സിസ്റ്റമിക് കീമോതെറാപ്പി, ഇൻട്രാ ആർട്ടീരിയൽ കീമോതെറാപ്പി, ഇൻട്രാവിട്രിയൽ കീമോതറാപ്പി, സബ്ടീനോൺ കീമോതറാപ്പി എന്നിവയാണ് റെറ്റീനോ ബ്ലാസ്റ്റോമ ഭേദമാക്കാനുള്ള കീമോതെറാപ്പികൾ.

എംസിസിയിൽ ന്യൂറോ സർജിക്കൽ ഓങ്കോളജി സംവിധാനവും ആരംഭിച്ചു. തലച്ചോറിലെയും സുഷുമ്ന നാഡിയിലെയും കാൻസറിന്റെയും മറ്റു മുഴകളുടെയും ശസ്ത്രക്രിയ സംവിധാനമാണ് എംസിസിയിൽ ആരംഭിച്ചത്. ഇതിനാവശ്യമുള്ള നൂതന സൗകര്യങ്ങൾ എംസിസിയിൽ ഒരുക്കിയിട്ടുണ്ട്. ഈ ചികിത്സയ്ക്കായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെയും മെഡിക്കൽ കോളേജുകളെയും ആശ്രയിച്ചിരുന്ന രോഗികൾക്ക് ഇതേറെ ആശ്വാസം നൽകുന്നതാണ്. കുട്ടികൾക്കായുള്ള മജ്ജ മാറ്റിവക്കൽ ചികിത്സ, ലിംബ് സാൽവേജ് ശസ്ത്രക്രിയ, ബ്രെയിൻ ട്യൂമർ സർജറി, ചികിത്സാനുബന്ധ പുനരധിവാസം (റീഹാബിലിറ്റേഷൻ) എന്നീ സൗകര്യങ്ങളും എംസിസിയിൽ ലഭ്യമാണ്.

ആർസിസിയിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റിലാണ് ലുട്ടീഷ്യം ചികിത്സ ആരംഭിച്ചത്. ന്യൂറോ എൻഡോക്രൈൻ ട്യൂമറുകളുടെ ചികിത്സയ്ക്കാണ് ലുട്ടീഷ്യം ചികിത്സ സജ്ജമാക്കിയിരിക്കുന്നത്. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായിട്ടാണ് ഈ സൗകര്യം ലഭ്യമാകുന്നത്. ഇതിനോടനുബന്ധിച്ചുള്ള ഗാലിയം ജനറേറ്റർ ഈ മാസം അവസാനം ആർസിസിയിൽ കമ്മീഷൻ ചെയ്യും.

# സാംസ്കാരിക സമ്മേളനം എച്ച്. സലാം എം.എൽ.എ ഉദ്ഘാടനം ചെയ്തു

**അമ്പലപ്പുഴ** കാക്കാഴം മുഗ് യിദ്ദീൻ ജുമു മസ്ജിദിലെ ആണ്ടു നേർച്ചയോടനുബന്ധിച്ചു നടത്തിയ സാംസ്കാരിക സമ്മേളനം എച്ച്. സലാം എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഇമാം എ.എം. കുഞ്ഞുമുഹമ്മദ് ബാഖവിയുടെ ദു:ആയോടെ ആരംഭിച്ച സമ്മേളനത്തിന് ജമാ അത്ത് പ്രസിഡന്റ് അഡ്വ.എ.നിസാമുദ്ദീൻ അധ്യക്ഷനായി. ബോട്ടണിയിൽ പ്രൊഫസർഷിപ്പ് ലഭിച്ച അൽ അമീൻ സ്കൂൾ പ്രിൻസിപ്പാൾ ഡോ.പി.ആർ. ഉണ്ണികൃഷ്ണ പിള്ള, മത - ഭൗതിക മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പ്രതിഭകൾ തുടങ്ങിയവരെ മുൻ എം.എൽ.എ അഡ്വ.ഡി. സുഗതൻ അനുമോദിച്ചു. സി.കെ.എസ് മൗലവി മണ്ണാർകാട് ചരിത്ര കഥാപ്രസംഗം അവതരിപ്പിച്ചു. , , മുൻ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം. ജുനൈദ് , അമ്പലപ്പുഴ താലൂക്ക് ദക്ഷിണ മേഖല ജമാഅത്ത് അസ്സോസിയേഷൻ ഭാരവാഹികളായ പ്രസിഡന്റ് സി.എ. സലിം ചക്കിട്ടപറമ്പിൽ,, ജനറൽ സെക്രട്ടറി എം.മുഹമ്മദ് കോയ, ഗ്രാമപഞ്ചായത്തംഗങ്ങളായ യു.എം. കബീർ, അലിയാർ കുഞ്ഞുമോൻ, കെ. നജീബ്, കെ.സിയാദ്, ചന്ദ്രശേഖര കുറുപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിന് ജനറൽ സെക്രട്ടറി എ.മുഹമ്മദ് മുസ്തഫ മൂലയിൽ സ്വാഗതവും ജോ.സെക്രട്ടറി എം.എ. ഷെഫീക്ക് നന്ദിയും പറഞ്ഞു.

# അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ വിധി സ്വാഗതാർഹമാണെന്ന് ജി സുകുമാരൻ നായർ

**പെരുന്ന :** സംവരണേതര വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഭരണഘടനാ ഭേദഗതി ശരിവച്ച സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ വിധി സ്വാഗതാർഹമാണെന്ന് എൻഎസ്എസ് ജന. സെക്രട്ടറി ജി.സുകുമാരൻ നായർ.ഇത് സാമൂഹിക നീതിയുടെ വിജയമാണ്. സംവരണം നല്കുന്നത് ജാതിയുടെ പേരിലാരിക്കരുത്, സാമ്പത്തികാടിസ്ഥാനത്തിലായിരിക്കണം എന്ന മന്നത്തു പത്മനാഭന്റെ കാലം മുതൽക്കുള്ള എൻ.എസ്.എസ്സിന്റെ നിലപാടിന് ലഭിച്ച അംഗീകാരം കൂടിയാണ് ഈ വിധി എന്ന് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ പറഞ്ഞു.എൻഎസ്എസിന്റെയും, എസ്എൻഡിപിയുടെയും, കോളേജുകളിൽ എസ്എഫ് ഐ അച്ചടക്കം പാലിക്കുന്നില്ലന്ന വെള്ളാപ്പള്ളിയുടെ അഭിപ്രായം സുകുമാരൻ നായർ ശരിവച്ചു.ന്യൂനപക്ഷങ്ങളുടെ കോളജുകളിൽ മികച്ച അച്ചടക്കം പാലിക്കുന്നുണ്ട് എന്ന വെള്ളാപ്പള്ളിയുടെ നിലപാട് ശരിയാണെന്നും സുകുമാരൻ നായർ പറഞ്ഞു.ന്യൂനപക്ഷ കോളേജുകളിൽ ഇപ്പോഴും വ്യവസ്ഥാപിത സമ്പ്രദായമാണ് അതുകൊണ്ട് അവിടെ അച്ചടക്കം നിലനിൽക്കുന്നു എന്നും സുകുമാരൻ നായർ പറഞ്ഞു.

# മലയാളദിനം - ഭരണഭാഷ വാരാഘോഷത്തിന് സമാപനമായി

മലയാളദിനം ഭരണഭാഷാ വാരാഘോഷസമാപനത്തിന്റെ ഭാഗമായി വിവര പൊതുജനസമ്പർക്ക വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസ് കാഞ്ഞങ്ങാട് മഹാകവി പി വായനശാല ആന്റ് ഗ്രന്ഥാലയവുമായി ചേർന്ന് ഭാഷാ സെമിനാർ നടത്തി. കാഞ്ഞങ്ങാട് മഹാകവി പി. സ്മാരക മന്ദിരം ഹാളിൽ നടന്ന സെമിനാർ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ഡോ.പി.പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ഭാഷയ്ക്ക് നിരവധി ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുണ്ട്. സമസ്ത മേഖലയിലും ഭാഷയ്ക്ക് വലിയ പ്രാധാന്യമുണ്ട്. കാസർകോട് മുതൽ തിരുവനന്തപുരം വരെ മലയാളം സംസാരിക്കുന്നു. പ്രകൃതിയെ പോലെ തന്നെ ഭാഷയ്ക്കും വൈവിധ്യങ്ങൾ ഉണ്ട്. എന്നാൽ ഒന്ന് മാത്രമാണ് ശരിയെന്ന് പറയാൻ ആർക്കും അവകാശമില്ല. ഭാഷയെ ഒരു ആശയമായി ഉപയോഗിക്കണം. ഭാഷയെന്നത് ഒരു സംസ്കാരമാണ്. ഭാഷകൾ ഇല്ലാതാകുമ്പോൾ ഒരു സംസ്കാരം തന്നെയാണ് ഇല്ലാതാകുന്നതെന്നും അദ്ദേഹം പറഞ്ഞു. മഹാകവി പി.സ്മാരക സമിതി പ്രസിഡന്റ് പി.മുരളീധരൻ അധ്യക്ഷത വഹിച്ചു. മഹാകവി പി.സ്മാരക സമിതി ജനറൽ സെക്രട്ടറി ഡോ. കെ.വി.സജീവൻ, മഹാകവി പി വായനശാല ആന്റ് ഗ്രന്ഥാലയം പ്രസിഡന്റ് പി.പ്രസേനൻ, എഴുത്തുകാരി സി.പി.ശുഭ തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫിസർ എം.മധുസൂദനൻ സ്വാഗതവും മഹാകവി പി. വായനശാല ആന്റ് ഗ്രന്ഥാലയം സെക്രട്ടറി രാമകൃഷ്ണൻ വാണിയംപാറ നന്ദിയും പറഞ്ഞു.



*മലയാളദിനം ഭരണഭാഷാ വാരാഘോഷസമാപനത്തിന്റെ ഭാഗമായി വിവര പൊതുജനസമ്പർക്ക വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസ് കാഞ്ഞങ്ങാട് മഹാകവി പി വായനശാല ആന്റ് ഗ്രന്ഥാലയവുമായി ചേർന്ന് നടത്തിയ ഭാഷാ സെമിനാർ കാഞ്ഞങ്ങാട് മഹാകവി പി. സ്മാരക മന്ദിരം ഹാളിൽ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ഡോ.പി.പ്രഭാകരൻ ഉദ്ഘാടനം ചെയ്യുന്നു*



# അരിവണ്ടി സർവീസ് നടത്തി

**ആലപ്പുഴ:** പൊതു വിപണിയിലെ അരി വില നിയന്ത്രിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി അരി വണ്ടി സർവീസ് നടത്തി. പി.പി. ചിത്തരഞ്ജൻ എം.എൽ.എ. ഫ്ലാഗ് ഓഫ് ചെയ്തു. ആലപ്പുഴ ഡിപ്പോയുടെ കീഴിലുള്ള പൊള്ളത്തൈ, ആര്യാട് കണക്കൂർ ക്ഷേത്രം, പുന്നപ്ര പള്ളികടപ്പുറം, ചമ്പക്കുളം വൈശ്യംഭാഗം, എടത്വ പച്ച എന്നിവിടങ്ങളിലാണ് അരിവണ്ടി സർവീസ് നടത്തിയത്.



# കായംകുളം സി.ബി.എൽ. ജലോത്സവം: ട്രാക്ക് സന്ദർശിച്ചു

**ആലപ്പുഴ:** കായംകുളത്ത് നംവബർ 12-ന് നടക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിയുടെ മുന്നോടിയായി യു. പ്രതിഭ എം.എൽ.എ, ജില്ല കളക്ടർ വി.ആർ. കൃഷ്ണ തേജ എന്നിവർ സ്ഥലം സന്ദർശിച്ചു. കായംകുളം കായലിലാണ് വള്ളംകളി നടക്കുന്നത്. ഇവിടെ ട്രാക്ക് ഒരുക്കൽ അടക്കമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി.ട്രാക്കിൽ ഒരുക്കേണ്ട സൗകര്യങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്തണമെന്ന് കളക്ടർ സംഘാടകർക്ക് നിർദേശം നൽകി. നവംബർ 11-ന് നഗരത്തിൽ സാംസ്കാരിക ഘോഷയാത്രയും നടത്തും. സംഘാടക സമിതി അംഗങ്ങളായ കെ.കെ. ഷാജു, എസ്. ശ്രീകുമാർ എന്നിവരും ഒപ്പമുണ്ടായിരുന്നു. കായംകുളത്ത് നംവബർ 12-ന് നടക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിയുടെ മുന്നോടിയായി യു. പ്രതിഭ എം.എൽ.എ, ജില്ല കളക്ടർ വി.ആർ. കൃഷ്ണ തേജ എന്നിവർ സ്ഥലം സന്ദർശിച്ചു.

# ദേശീയപാത വികസനം: കല്യാശ്ശേരി മണ്ഡലത്തിലെ മൂന്നിടങ്ങളിൽ എം എൽ എ സന്ദർശിക്കും

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന മൂന്നു പ്രദേശങ്ങൾ നവംബർ 11ന് വെള്ളിയാഴ്ച എം വിജിൻ എംഎൽഎയും ദേശീയപാത ഉദ്യോഗസ്ഥരും സന്ദർശിക്കും. കല്യാശ്ശേരി, പിലാത്തറ, എടാട്ട് എന്നീ പ്രദേശങ്ങളാണ് സന്ദർശിക്കുക. ദേശീയപാത വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കലക്ടർ എസ് ചന്ദ്രശേഖറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. എം വിജിൻ എംഎൽഎ, ജില്ലാ കലക്ടർ, തദ്ദേശ സ്ഥാപന പ്രതിനിധികൾ, ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവർ രാവിലെ 10ന് എടാട്ട്, 11ന് പിലാത്തറ, 12ന് കല്യാശ്ശേരി എന്നിവിടങ്ങളിലാണ് സന്ദർശിക്കുക. കല്യാശ്ശേരി മുതൽ മാങ്ങാട് വരെയും പിലാത്തറ, എടാട്ട് പരിസരങ്ങളിലും നിലനിൽക്കുന്ന പ്രശ്നങ്ങളും യോഗം ചർച്ച ചെയ്തു. കല്യാശ്ശേരിയിൽ അഞ്ചിലധികം പോക്കറ്റ് റോഡുകൾ നഷ്ടപ്പെടാനും പ്രദേശവാസികൾക്കും സമീപത്തെ സ്കൂൾ വിദ്യാർഥികൾക്കും യാത്രാപ്രശ്നം നേരിടാനുമുള്ള സാധ്യതകൾ എം വിജിൻ എംഎൽഎ യോഗത്തിൽ ചൂണ്ടിക്കാട്ടി. കല്യാശ്ശേരി പോളിക്ക് സമീപത്തെ കൾവർട്ട് നാലു മീറ്ററായി ഉയർത്തണമെന്നും കല്യാശ്ശേരി വില്ലേജ് ഓഫീസ് മുതൽ മാങ്ങാട് പഴയ രജിസ്റ്റർ ഓഫീസ് റോഡ് വരെയുള്ള പഞ്ചായത്ത് റോഡിൽ നിന്നും ദേശീയ പാതയിലെ സർവ്വീസ് റോഡിൽ കയറാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടു. പിലാത്തറ ബസ് സ്റ്റാന്റ് പ്രദേശത്ത് ഫ്ളൈ ഓവർ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന എടാട്ട് പ്രദേശത്ത് അടിപ്പാത എന്നിവയുടെ സാധ്യതകൾ പരിഗണിക്കണമെന്നും യോഗത്തിൽ നിർദേശമുയർന്നു. ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയപാതയുടെ ഇരുഭാഗങ്ങളിലെയും വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനു പുതിയ പൈപ്പ് ലൈനുകൾ ഉടൻ സ്ഥാപിക്കാനും യോഗം തീരുമാനിച്ചു. കലക്ടറേറ്റ് ചേംബറിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ടുമാരായ ടി ടി ബാലകൃഷ്ണൻ (കല്യാശ്ശേരി), പി ഗോവിന്ദൻ (ഏഴോം), എ പ്രാർഥന (കുഞ്ഞിമംഗലം), ചെറുതാഴം പഞ്ചായത്ത് പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ ടി വി ഉണ്ണികൃഷ്ണൻ, നാഷണൽ ഹൈവേ ലാൻഡ് അക്വസിഷൻ തളിപ്പറമ്പ് ഡെപ്യൂട്ടി കലക്ടർ നിർമൽ റിത, ദേശീയപാതാ അതോറിറ്റി എഞ്ചിനീയർ പി സുശാന്ത്, ലെയ്സൺ ഓഫീസർ കെ വി അബ്ദുള്ള, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.



# ഹാപ്പിനെസ് ഫെസ്റ്റിവൽ: പോസ്റ്റർ പ്രകാശനം ചെയ്തു

ഡിസംബർ 19 മുതൽ 31 വരെ കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നടക്കുന്ന ഹാപ്പിനെസ് ഫെസ്റ്റിവലിന്റെ പോസ്റ്റർ പ്രകാശനം ചെയ്തു. ജില്ലാ കലക്ടർ എസ് ചന്ദ്രശേഖറിന് നൽകി സംവിധായകൻ ഷാജി എൻ കരുൺ പ്രകാശനം നിർവഹിച്ചു. കലക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ആന്തൂർ നഗരസഭാധ്യക്ഷൻ പി മുകുന്ദൻ, എ ഡി എം കെ കെ ദിവാകരൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ കെ പത്മനാഭൻ, സംവിധായകൻ ഷെറി തുടങ്ങിയവർ പങ്കെടുത്തു. മ്യൂസിക് ഷോകൾ, ഫാഷൻ ഷോ, ഫ്ളവർ ഷോ, ചിൽഡ്രൺസ് അമ്യൂസ്മെന്റ് പാർക്ക്, എക്സിബിഷനുകൾ, ഫുഡ് കോർട്ടുകൾ, അഗ്രികൾച്ചറൽ ഫെസ്റ്റ്, നാടൻ കലാപ്രകടനങ്ങൾ, പുസ്തകോത്സവം, ചലച്ചിത്രോത്സവം തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ ഉൾപ്പെടുത്തിയാണ് ഹാപ്പിനെസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുക.








# ഹാരിസ് കൗണ്ടി ജഡ്ജി തെരഞ്ഞെടുപ്പ്: ലിന് ഹിഡൽഗൊക്ക് പിന്തുണയുമായി ജിൽബൈഡൻ

**ഹൂസ്റ്റൺ:** ഹാരിസ് കൗണ്ടി ജഡ്ജി സ്ഥാനത്തേക്ക് വീണ്ടും മത്സരിക്കുന്ന ലിന ഹിഡൽഗോക്ക് പിന്തുണയുമായി ജിൽ ബൈഡൻ.നവംബർ 6 ഞായറാഴ്ച ഹാരിസ് കൗണ്ടിയിൽ നടന്ന പ്രചരണങ്ങളിൽ വോട്ടർമാരെ നേരിട്ടുകണ്ടു വോട്ടു ചോദിക്കുന്നതിനാണ് അമേരിക്കയുടെ പ്രഥമവനിത ജിൽ ബൈഡൻ ഇവിടെ എത്തിയത്.ഏർലി വോട്ടിംഗിൽ ഡമോക്രാറ്റിക് പാർട്ടി വോട്ടർമാർ കൂട്ടമായി എത്തി വോട്ടു ചെയ്യാതിരുന്നതു ലിനയെ അത്ഭുതപ്പെടുത്തി. ലാറ്റിനോ, ബ്ളാക്ക് വോട്ടുകൾ ഇത്തവണ ലിനക്കു കിട്ടികു എന്നതു എളുപ്പമല്ല. നാലുവർഷമായി അധികാരത്തിൽ തുടരുന്ന ലിന വിവാദപരമായ തീരുമാനങ്ങളിൽ ദേശീയ ശ്രദ്ധതന്നെ നേടിയിരുന്നു. ഡമോക്രാറ്റിക് പാർട്ടിയുടെ ശക്തനായ നേതാവായിട്ട് വളർന്നു വരുന്ന ലിനക്ക് ഇത്തവണ വിജയം എളുപ്പമാകാനിടയില്ല. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി അലക്സാൻഡ്രിയ ഡി മോറൽ മീലയുടെ പ്രചരണം കുറ്റമറ്റതാക്കാൻ പാർട്ടി നേതാക്കളും, പ്രവർത്തകരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.ഈ മത്സരത്തിൽ അപകട സൂചന മണത്തതിനെ തുടർന്നാണ് പ്രഥമ വനിത നേരിട്ടെത്തി ലിനക്കു വേണ്ടി വോട്ടഭ്യർത്ഥിക്കുന്നത്. ഡമോക്രാറ്റിക് പാർട്ടിയുടെ നില പൊതുവിൽ ഇടക്കാല തിരഞ്ഞെടുപ്പിൽ അത്രയും ഗുണകരമല്ല, എന്നാണ് റിപ്പോർട്ടുകൾ നൽകുന്ന സൂചന.

## ഗവർണ്ണർ വൈസ്രോയിയെപ്പോലെ പെരുമാറുന്നു

## മാധ്യമങ്ങൾ ഗവർണ്ണറുടെ പത്രസമ്മേളനങ്ങൾ ബഹിഷ്ക്കരിക്കണം ജി.ദേവരാജൻ

ഗവർണ്ണറുടെ ഔദ്യോഗിക വാർത്താ സമ്മേളനങ്ങളിൽ നിന്നും ചില മാധ്യമങ്ങളെ തെരഞ്ഞുപിടിച്ച് അവർക്ക് വിലക്കേർപ്പെടുത്തുന്ന ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാന്റെ നടപടി തികച്ചും ജനാധിപത്യ വിരുദ്ധവും അന്തഃസ്സാര ശൂന്യവുമാണെന്ന് ഫോർവേഡ് ബ്ലോക്ക് ദേശീയ സെക്രട്ടറി ജി.ദേവരാജൻ അഭിപ്രായപ്പെട്ടു.എന്നും മാധ്യമങ്ങളിൽ ഇടം പിടിക്കാനായി പദവിക്കു നിരക്കാത്ത രീതിയിൽ സംസാരിക്കുന്ന ഗവർണ്ണർ കോളനിവാഴ്ച്ചക്കാലത്തെ വൈസ്രോയിയെപ്പോലെയാണ് പെരുമാറുന്നത്. ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ശേഷമാണ് ബിജെപിയിതര സംസ്ഥാനങ്ങളിലെ ഗവർണ്ണറന്മാർ ഭരണഘടനയെ ദുർവ്യാഖ്യാനം ചെയ്തു ജനാധിപത്യത്തിനു നിരക്കാത്ത പരസ്യ നിലപാടുക ൾ സ്വീകരിച്ചു തുടങ്ങിയത്.ആരിഫ് മുഹമ്മദ് ഖാ ൻ സംസ്ഥാന സർക്കാരിനൊപ്പം നിന്ന് തെറ്റായ രീതിയിൽ വൈസ് ചാൻസലർ നിയമനങ്ങളൊക്കെ നടത്തിയ ശേഷം സുപ്രീംകോടതി എതിർത്തു പറഞ്ഞപ്പോൾ ചാടി പുറപ്പെട്ടത് സ്വന്തം തെറ്റുകൾ മറച്ചുവയ്ക്കാനാണ്.വിവര സാങ്കേതിക വിദ്യകൾ വികസിച്ചുകൊണ്ടിരിക്കുന്ന, സാമൂഹ്യ മാധ്യമങ്ങൾ സജീവമായ, തൽസമയ വാർത്താ പ്രക്ഷേപണങ്ങൾ നിരന്തരം ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ ചില മാധ്യമങ്ങൾക്കുമാത്രം വിലക്കേർപ്പെടുത്തുന്നത് ബാലിശവും പരിഹാസ്യവുമായ നടപടിയാണ്. മാധ്യമങ്ങൾക്കു വിലക്കേർപ്പെടുത്തുന്നത് ജനങ്ങളുടെ അറിയാനുള്ള അവകാശത്തിനുമേലുള്ള കടന്നുകയറ്റവുമാണ്. മാധ്യമങ്ങളോട് വിവേചനപരമായി പെരുമാറുന്ന ഗവർണ്ണറുടെ വാർത്താ സമ്മേളങ്ങൾ ബഹിഷ്ക്കരിക്കാൻ, മത്സരബുദ്ധി മാറ്റിവച്ച് മാധ്യമങ്ങൾ തയ്യാറാകണമെന്നും ദേവരാജൻ ആവശ്യപ്പെട്ടു.






## 'ഓർമച്ചെപ്പ്' രണ്ടാം പതിപ്പുമായി എം.എം. ഹസൻ

**ഷാർജ:** ആത്മകഥയായ 'ഓർമച്ചെപ്പി'ൻറെ രണ്ടാം പതിപ്പുമായി യു.ഡി.എഫ് കൺവീനർ എം.എം. ഹസൻ. ഷാർജ പുസ്തകോത്സവത്തിൽ ലുലു ഗ്രൂപ് ചെയർമാൻ എം.എ.യൂസുഫലിയാണ് പ്രകാശനം ചെയ്തത്. രാഷ്ട്രീയത്തിനതീതമായി എല്ലാവരുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുന്ന വ്യക്തിത്വമാണ് എം.എം. ഹസനെന്ന് യൂസുഫലി പറഞ്ഞു. പൊതുരംഗത്തും രാഷ്ട്രീയ രംഗത്തുമുള്ള അരനൂറ്റാണ്ടിലേറെക്കാലത്തെ ഓർമകളും അനുഭവങ്ങളുമാണ് ഓർമ്മച്ചെപ്പ് എന്ന പുസ്തകത്തിലൂടെ താൻ എഴുതിയതെന്ന് എം.എം. ഹസൻ പറഞ്ഞു. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡൻറ് അഡ്വ. വൈ.എ. റഹീം ആദ്യ കോപ്പി ഏറ്റുവാങ്ങി. മാധ്യമ പ്രവർത്തകൻ എൽവിസ് ചുമ്മാർ പുസ്തകം പരിചയപ്പെടുത്തി.ഇത് സ്നേഹത്തിൻറെ പുസ്തകമാണെന്ന് അവതാരിക എഴുതിയ കഥാകാരൻ ടി. പത്മനാഭൻ വിഡിയോ സന്ദേശത്തിലൂടെ പറഞ്ഞു. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ, ജയ്ഹിന്ദ് ടി.വി ചെയർമാൻ അനിയൻകുട്ടി, ഷാർജ ഗവൺമെൻറിലെ പ്രോട്ടോകോൾ ഓഫിസർ ബദർ മുഹമ്മദ് അൽ സാബി, ഇൻകാസ് യു.എ.ഇ പ്രസിഡൻറ് മഹാദേവൻ വാഴശ്ശേരിൽ, കെ.എം.സി.സി പ്രതിനിധിയും ഷാർജ ഇന്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായ ടി.വി. നസീർ എന്നിവർ സംസാരിച്ചു. മാധ്യമ പ്രവർത്തകൻ എൽവിസ് ചുമ്മാർ സ്വാഗതവും എം.എം. ഹസൻറെ മകൾ നിഷ ഹസൻ നന്ദിയും പറഞ്ഞു. മുൻ മുഖ്യമന്ത്രിമാരായ എ.കെ. ആൻറണി, ഉമ്മൻ ചാണ്ടി, നടൻ മോഹൻലാൽ, ഡോ. ശശി തരൂർ എം.പി, അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായ് തമ്ബുരാട്ടി എന്നിവർ പുസ്തകത്തിന് വിഡിയോ വഴി ആശംസ നേർന്നു. ഡി.സി ബുക്സാണ് പ്രസാധകർ.

## ലോകം കാലാവസ്ഥാ നരകത്തിലേക്കുള്ള പാതയിൽ: അന്റോണിയോ ഗുട്ടെറസ്

**ഷറം എൽ ഷെയ്ഖ്(ഈജിപ്ത്):** ലോകം കാലാവസ്ഥാ നരകത്തിലേക്കുള്ള പാതയിലാണെന്ന് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്.ഹരിതഗൃഹ വാതകങ്ങൾ ഏറ്റവും കൂടുതൽ പുറന്തള്ളുന്ന രാജ്യങ്ങളായ ചൈനയോടും അമേരിക്കയോടും ഈ നരകയാത്ര ഒഴിവാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഈജിപ്തിലെ ഷറം അൽ ഷെയ്ഖിൽ നടക്കുന്ന 27-ാമത് ആഗോള കാലാവസ്ഥാ ഉച്ചകോടിയിൽ രാഷ്ട്രത്തലവൻമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. "മനുഷ്യരാശിക്ക് ഒരേയൊരു വഴിയേ ഉള്ളൂ. സഹകരിക്കുക, അല്ലെങ്കിൽ നശിക്കുക," ഗുട്ടെറസ് പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന് യോജിച്ച ഒരു ഉടമ്ബടി വേണമെന്ന ആവശ്യം അദ്ദേഹം ആവർത്തിച്ചു.നേതാക്കളുടെ ഇടപെടലില്ലാതെ കാലാവസ്ഥാ വ്യതിയാനം തടയാനാവില്ലെന്ന് ഈജിപ്ഷ്യൻ പ്രസിഡൻറ് അബ്ദൽ ഫത്ത അൽ-സിസി പറഞ്ഞു. "നമുക്ക് ചുരുങ്ങിയ സമയമേ ഉള്ളൂ. നമ്മുടെ കയ്യിലുള്ള ഓരോ നിമിഷവും നാം ഉപയോഗിക്കണം" അദ്ദേഹം പറഞ്ഞു.

## സൗദി എയർലൈൻസിന്റെ സർവീസുകൾ പുതിയതായി ഷെഡ്യൂൾ ചെയ്തു

**റിയാദ്:** ലോകകപ്പ് മത്സരങ്ങൾ കാണുന്നതിനായി കായിക പ്രേമികളെ സൗദിയിൽനിന്ന് ദോഹയിലേക്കും തിരിച്ചും യാത്ര ചെയ്യാൻ സൗദി എയർലൈൻസ് (സൗദിയ) 780 ലധികം വിമാന സർവിസുകൾ ഷെഡ്യൂൾ ചെയ്തു.റിയാദ്, ജിദ്ദ, ദമ്മാം എന്നീ വിമാനത്താവളങ്ങളിൽ നിന്നാണ് ദോഹയിലേക്കും തിരിച്ചും സർവിസ് നടത്തുക. ഇത്രയും സർവീസുകളിലായി 2,54,000 സീറ്റുകളുണ്ടാകും. ലോകകപ്പിന് കായികപ്രേമികളെ എത്തിക്കാൻ ആവശ്യമായ എല്ലാ ഒരുക്കവും സൗദിയ ഒരുക്കിയിട്ടുണ്ട്. രാജ്യത്തിനും ഖത്തറിനും സർവിസ്




നടത്തുന്നതിന് വേണ്ട എല്ലാ തയാറെടുപ്പുകളുമാണ് പൂർത്തിയായിട്ടുള്ളത്.



## സൊമാലിയയിലെ ആക്രമണത്തെ കുവൈത്ത് അപലപിച്ചു

**കുവൈത്ത് സിറ്റി:** സൊമാലിയയിലെ സൈനിക പരിശീലന കേന്ദ്രത്തിന് നേരെയുണ്ടായ ആക്രമണത്തിൽ കുവൈത്ത് വിദേശകാര്യമന്ത്രാലയം അപലപിച്ചു.സംഭവത്തിൽ നിരവധി പേർ മരിക്കുകയും പരിക്കേൽക്കുകയുമുണ്ടായി. സൊമാലിയൻ സർക്കാരിനോടും ജനങ്ങളോടും അനുശോചനം രേഖപ്പെടുത്തിയ കുവൈത്ത് തീവ്രവാദത്തിനെതിരായ രാജ്യത്തിന്റെ ഉറച്ച നിലപാട് ആവർത്തിച്ചു.



FILM WORLD





# മികച്ച പ്രതികരണം നേടി ചതുരം തീയറ്ററുകളിൽ മുന്നേറുന്നു

റോഷനെയും സ്വാസികയെയും കേന്ദ്രകഥാപാത്രങ്ങളാക്കി സിദ്ധാർത്ഥ് ഭരതന്റെ സംവിധാനത്തിൽ ഒരുങ്ങുന്ന 'ചതുരം' നവംബർ നാലിന് തിയറ്ററുകളിൽ എത്തി.ചിത്രത്തിന് എ സർട്ടിഫിക്കറ്റാണ് ലഭിച്ചിരിക്കുന്നത്.ചതുരത്തിന്റേതായി മുൻപ് പുറത്തുവന്ന പോസ്റ്ററുകളും ടീസറും ഏറെ ശ്രദ്ധനേടിയിരുന്നു. തീയറ്ററിൽ മികച്ച പ്രതികരണം നേടി മുന്നേറുകയാണ് ..അലൻസിയർ, ശാന്തി ബാലചന്ദ്രൻ എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന താരങ്ങൾ. എ സർട്ടിഫിക്കറ്റാണ് ചിത്രത്തിന് ലഭിച്ചിരിക്കുന്നത്. 2019ലെ സാഹിത്യ അക്കാദമി അവാർഡ് ജേതാവ് വിനോയ് തോമസും സിദ്ധാർത്ഥ് ഭരതനും ചേർന്ന് രചന നിർവഹിച്ചിരിക്കുന്ന ചിത്രം ഗ്രീൻവിച്ച് എന്റർടെയ്ൻമെന്റ്സും യെല്ലോ ബേർഡ് പ്രൊഡക്ഷനും ചേർന്നാണ് നിർമിക്കുന്നത്.





# പ്രതി നിരപരാധിയാണോ' നവംബർ 25 ന്

ഇന്ദ്രൻസ്, ശ്രീജിത്ത് രവി, ഹരീഷ് പേരടി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുനിൽ പൊറ്റമൽ സംവിധാനം ചെയ്തിരിക്കുന്ന 'പ്രതി നിരപരാധിയാണോ എന്ന ചിത്രം നവംബർ 25 ന് പ്രദർശനത്തിനെത്തും. സംവിധായകൻ തന്നെയാണ് ചിത്രത്തിന്റെ രചനയും നിർവ്വഹിച്ചിരിക്കുന്നത്. ഇടവേള ബാബു, ബാലാജി ശർമ്മ, സുനിൽ സുഖദ, അരിസ്റ്റോ സുരേഷ്, കണ്ണൻ പട്ടാമ്പി, പ്രദീപ് നളന്ദ, നിഥിൻ രാജ്, റിഷിക്ക് ഷാജ്, ബാബു അടൂർ, എച്ച് കെ നല്ലളം, ആഭ ഷജിത്ത്, ജയൻ കുലവത്ര, ബാലൻ പാറയ്ക്കൽ, പ്രദീപ് ബാലൻ, നീന കുറുപ്പ്, കുളപ്പുള്ളി ലീല, പാർവ്വതി, അനാമിക പ്രദീപ്, ആവണി തുടങ്ങിയവർ ചിത്രത്തിലെ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. വോൾകാനോ സിനിമാസിന്റെ ബാനറിൽ പ്രദീപ് നളന്ദയാണ് ചിത്രത്തിൻറെ നിർമ്മാണം. ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഉത്പൽ വിനായനാർ നിർവ്വഹിക്കുന്നു. ബി കെ ഹരിനാരായണൻ, പി ടി ബിനു എന്നിവരുടെ വരികൾക്ക് അരുൺ രാജ് സംഗീതം പകരുന്നു. ആലാപനം വിനീത് ശ്രീനിവാസൻ, അരുൺ രാജ്, സിത്താര കൃഷ്ണകുമാർ. എഡിറ്റിംഗ് ജോൺകുട്ടി, പ്രൊഡക്ഷൻ ഡിസൈനർ പ്രവീൺ പരപ്പനങ്ങാടി, പ്രൊഡക്ഷൻ കൺട്രോളർ ഷജിത്ത് തിക്കോടി, കലാസംവിധാനം രഞ്ജിത്ത് കൊതേരി, മേക്കപ്പ് സന്തോഷ് വെൺപകൽ, വസ്ത്രാലങ്കാരം സുരേഷ് ഫിറ്റ്വെൽ, സ്റ്റിൽസ് നൗഷാദ് കണ്ണൂർ, പരസ്യകല ഓക്സിജൻ മീഡിയ, പശ്ചാത്തല സംഗീതം എസ് പി വെങ്കിടേഷ്, ആക്ഷൻ കൊറിയോഗ്രഫി ബ്രൂസ്‌ലി രാജേഷ്, നൃത്ത സംവിധാനം കുമാർ ശാന്തി, വി എഫ് എക്സ് രാജ് മാർത്താണ്ഡം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ദേവദാസ് ദേവാങ്കനം, പി ആർ ഒ- എ എസ് ദിനേശ്.




# പുതിയ ചിത്രത്തിൽ ഷെഫായി അനുഷ്ക

നടി അനുഷ്ക ഷെട്ടി ഇന്നലെ തന്റെ ജന്മദിനം ആഘോഷിച്ചു, നവീൻ പോളിഷെട്ടിയ്ക്കൊപ്പമുള്ള തന്റെ വരാനിരിക്കുന്ന ചിത്രത്തിലൂടെ അവർ അടുത്തതായി ഒരു തരത്തിലുള്ള തിരിച്ചുവരവ് നടത്തുകയാണ്.യുവി ക്രിയേഷൻസ് പ്രൊജക്റ്റ് നിർമ്മിക്കുന്നു, ഇതിന് താൽക്കാലികമായി യുവി ക്രിയേഷൻസ് പ്രൊഡക്ഷൻ നമ്ബർ 14 എന്ന് പേരിട്ടു.ഇന്നലെ അനുഷ്കയുടെ ജന്മദിനം ആഘോഷിക്കുന്നതിനായി, കോമഡി എന്റർടെയ്നറിന്റെ നിർമ്മാതാക്കൾ നടിയെ അവതരിപ്പിക്കുന്ന ഒരു പുതിയ പോസ്റ്റർ പുറത്തിറക്കി, അതിൽ അവർ സുന്ദരിയായി കാണപ്പെടുന്നു. പിറന്നാൾ സ്പെഷ്യൽ പോസ്റ്ററിൽ അനുഷ്കയെ അൻവിത റവലി ഷെട്ടി എന്ന പാചകക്കാരിയായി പരിചയപ്പെടുത്തുകയും അവർ ഒരു വിഭവം ഉണ്ടാക്കുകയും ചെയ്യുന്നു.ഇതാദ്യമായാണ് അനുഷ്ക സ്ക്രീനിൽ ഒരു ഷെഫായി അഭിനയിക്കുന്നത്, അത് കൗതുകമുണർത്തുന്നു. പോസ്റ്ററിൽ കാണുന്നത് പോലെ, കഥാപാത്രത്തിന്റെ പ്രത്യേകതകൾക്ക് അവർ നന്നായി യോജിക്കുന്നതായി തോന്നുന്നു. യുവി ക്രിയേഷൻസിന്റെ നിർമ്മാണത്തിൽ മഹേഷ് ബാബു പി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ യുവ സെൻസേഷൻ നവീൻ പോളിഷെട്ടിയും ഉൾപ്പെടുന്നു.




# അച്ഛനും മാധവ് സുരേഷും ഒന്നിക്കുന്ന ജെ.എസ്.കെ ഷൂട്ടിംഗ് ആരംഭിച്ചു

സുരേഷ് ഗോപിയും മകൻ മാധവും മുഖ്യ വേഷങ്ങളിലെത്തുന്ന ജെ.എസ്.കെ എന്ന ചിത്രത്തിന്റെ ഷൂട്ടിങ് ആരംഭിച്ചു.മാധവിന്റെ അരങ്ങേറ്റ ചിത്രംകൂടിയാണ് ജെ.സ്.കെ.കോസ്മോസ് എന്റർടൈൻമെന്റ് നിർമിക്കുന്ന ചിത്രംപ്രവീൺ നാരായൺ ആണ് സംവിധാനം നിർവഹിക്കുന്നത്. അനുപമ പരമേശ്വരനാണ് നായിക. സംവിധായകൻ പ്രവീൺ നാരായണൻ തന്നെയാണ് ചിത്രത്തിന്റെ തിരക്കഥ രചിച്ചിരിക്കുന്നത്. ജയ് വിഷ്ണുവാണ് സഹരചയിതാവ്.എസ് ജി 255 എന്നാണ് ഈ സിനിമക്ക് താത്കാലികമായി പേരിട്ടിരുന്നത്. റെണദിവേ ആണ് ഛായാഗ്രഹണം നിർവഹിക്കുന്നത്. 'സത്യം എപ്പോഴും നിലനിൽക്കും ' എന്ന ടാഗ് ലൈനോട് കൂടെയുള്ള ജെ.എസ്.കെക യുടെ ടൈറ്റിൽ ലുക്ക് പോസ്റ്റർ പുറത്ത് വന്നിട്ടുണ്ട്. സജിത്ത് കൃഷ്ണനാണ് ലൈൻ പ്രൊഡ്യൂസർ.പ്രൊജക്റ്റ് ഡിസൈനെർ -ജോൺ കുടിയാൻമല,പ്രൊഡക്ഷൻ കൺട്രോളർ- അമൃത മോഹൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് -ശബരി, സൗണ്ട് ഡിസൈൻ -അരുൺ വർമ്മ, ആർട്ട് -ജയൻ ക്രയോൺ, മേക്കപ്പ് - പ്രദീപ് രംഗൻ, കോസ്റ്റ്യൂം ഡിസൈനർ -അരുൺ മനോഹർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ -രാജേഷ് അടൂർ, അസോസിയേറ്റ് ഡയറക്ടർ -ബിച്ചു, സവിൻ ഷാ, സ്റ്റിൽസ് -ജെഫിൽ, അസോസിയേറ്റ് ക്യാമറമാൻ -മനോജ് എ കെ, ഫിനാൻസ് കൺട്രോളർ - എം കെ ദിലീപ്കുമാർ,അസിസ്റ്റന്റ് ഡയറക്ടർ - രാഹുൽ വി നായർ, ആൻ മരിയ അലക്സ്, കാർത്തിക്ക് വാർത്താപ്രചരണം -വൈശാഖ് വടക്കേ വീട്, ജിനു അനിൽകുമാർ, മാർക്കറ്റിംഗ് -എന്റർടൈൻമെന്റ് കോർണർ



# 'ഗഫൂർക്കദോസ്ത്' : പുതിയ സ്റ്റിൽ പുറത്തുവിട്ടു

സ്നേഹജിത്ത് കഥയെഴുതി സംവിധാനം ചെയ്യുന്ന ഏറ്റവും പുതിയ ചിത്രമാണ് 'ഗഫൂർക്കദോസ്ത്. സിനിമയുടെ ചിത്രീകരണം കഴിഞ്ഞ ദിവസം ആരംഭിച്ചു.മാമുക്കോയ കേന്ദ്രകഥാപാത്രമാകുന്ന ചിത്രത്തിന് തിരക്കഥ ഒരുക്കുന്നത് തോമസ് തോപ്പിൽകൂടി ആണ്.ഇപ്പോൾ സിനിമയിലെ പുതിയ സ്റ്റിൽ പുറത്തുവിട്ടു.സ്നേഹജിത്ത് സീൻ നമ്പർ 001, ദൈവം സാക്ഷി എന്നീ സിനിമകൾക്ക് ശേഷം ഒരുക്കുന്ന ചിത്രമാണിത്. സുധീർ കരമന, ഷിബു തിലകൻ, സുധീർ പറവൂർ, ഹാഷിം ഹുസൈൻ, കലാഭവൻ ഹനീഫ്,സാജൻ പള്ളുരുത്തി,രജിത് കുമാർ,ഷൈജു അടിമാലി, ഉല്ലാസ് പന്തളം, മെറീന മൈക്കിൾ തുടങ്ങിയവർ അഭിനയിക്കുന്നു. ഹാസ്യത്തിന് മുൻതൂക്കം നൽകി ഒരുക്കുന്ന ഒരു കുടുംബ ചിത്രമാണിത്. ചിത്രം നിർമിക്കുന്നത് എ സ്ക്വയർ ഫിലിംസിന്റെ ബാനറിൽ ഹദ്ദാദ് ആണ്.ബിനു എസ്.നായർ ഛായാഗ്രാഹണവും സനൽ അനിരുദ്ധൻ എഡിറ്റിങ്ങും നിർവഹിക്കുന്നു. യൂനിസിയോ സംഗീതം പകരുന്നു. ഷാജി കൂനമ്മാവ് വസ്ത്രാലങ്കാരവും ജയരാമൻ ചമയവും ജോജോ ആന്റണി കലാസംവിധാനവും നിർവഹിക്കുന്നു.



# തമിഴ് ചിത്രത്തിൽ ജി വി പ്രകാശ് കുമാറിന്റെ നായികയായി അനശ്വര രാജൻ

അനശ്വര രാജൻ നായികയാകുന്ന ചിത്രത്തിൽ ജി വി പ്രകാശ് കുമാർ നായകനാകുന്നു . ദിവ്യദർശനി, ഡാനിയലും ചിത്രത്തിൽ മറ്റ് പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ഉദയ് മഹേഷാണ് ചിത്രം സംവിധാനം ചെയ്യുന്നത്. ഹിഷാം അബ്ദുൾ വഹാബ് സംഗീത സംവിധാനം നിർവഹിക്കുന്നുവെന്ന പ്രത്യേകതയുമുണ്ട്. ഡിസ്നി പ്ലസ് ഹോട്സ്റ്റാറാണ് ചിത്രം നിർമിക്കുന്നത്. ഇവരുടെ ആദ്യത്തെ തിയറ്റർ ചിത്രവുമാണ് ഇത്. അടുത്ത വർഷം തിയറ്ററിൽ എത്തുന്ന ചിത്രം പിന്നീട് ഡിസ്നി പ്ലസ് ഹോട്സ്റ്റാറിൽ സ്ട്രീം ചെയ്യും.അനശ്വര രാജിന്റേതായി ഏറ്റവും ഒടുവിൽ പ്രദർശനത്തിന് എത്തിയ ചിത്രം 'മൈക്ക്' ആണ്. വിഷ്ണു ശിവപ്രസാദ് ആണ് ചിത്രം സംവിധാനം ചെയ്തത്. രഞ്ജിത്ത് സജീവനാണ് ചിത്രത്തിൽ നായകൻ. ജിനു ജോസഫ്, അക്ഷയ് രാധാകൃഷ്ണൻ, അഭിറാം, സിനി അബ്രഹാം എന്നിവരും 'മൈക്കി'ൽ അഭിനയിച്ചിരുന്നു.


BUSINESS NEWS



# കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് സംസ്ഥാന വ്യാപകമാകുന്നു, കരുത്ത് പകരാൻ ഒ.എൻ.ഡി.സി

ഗതാഗതരംഗത്ത് കേരള സർക്കാർ, കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് കീഴിൽ ഫിഡെ ഫൗണ്ടേഷനുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്ന കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് (കെ.ഒ.എം.എൻ) സംസ്ഥാന വ്യാപകമാക്കുന്നു. ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ഒ.എൻ.ഡി.സി) ഏകോപിപ്പിച്ചാണ് കേരള ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് സാധ്യമാക്കുക. ഗതാഗതമടക്കം വിവിധ വാണിജ്യ സാധ്യതകളെ ഈ ഓപ്പൺ നെറ്റ് വർക്കിന്റെ ഭാഗമാക്കുന്ന വിശാല പദ്ധതിയുടെ ഭാഗമാണിത്.നവംബർ നാലിന് ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടി കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഭവന, നഗരകാര്യ വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരി, കേരള ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇതോടെ പലവ്യഞ്ജനങ്ങൾക്കും ഭക്ഷണ പാനീയങ്ങൾക്കുമൊപ്പം ഉപഭോക്താക്കൾക്ക് ഈ ശൃംഖലയിൽ നിന്നും ഗതാഗതത്തിനാവശ്യമായ ഉപാധികൾ വാങ്ങാനാകും. സാധനങ്ങളിലേക്കും സേവനങ്ങളിലേക്കുമുള്ള ഏകജാലക സംവിധാനത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ കൂടിയാണിത് കേരളത്തിൽ ഗതാഗതസേവനങ്ങൾക്കായി ശൃംഖല ഒരുക്കുന്നതിലുള്ള ആദ്യപടിയായിരുന്നു കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് (കെ.ഒ.എം.എൻ). 2021ൽ അവതരിപ്പിക്കപ്പെട്ടതു മുതൽ നിരവധി ടാക്സി അസോസിയേഷനുകളെയും കൊച്ചി മെട്രോ ബുക്കിംഗ് സംവിധാനങ്ങളേയും ഒരൊറ്റ ശൃംഖലയിൽ ഏകോപിതമാക്കാൻ ഇതിന് കഴിഞ്ഞു. ഒ.എൻ.ഡി.സിയുടെ അടിസ്ഥാന പ്രോട്ടോകോളായ ഓപ്പൺ സോഴ്സ് ബെക്ൻ പ്രോട്ടോകോളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്.ഒ.എൻ.ഡി.സിയുമായുള്ള കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്കിന്റെ ഏകോപനത്തിലൂടെ ട്രാൻസ്പോർട്ട്





# അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ സ്ട്രോക്ക് സാധ്യത വർധിപ്പിക്കും

**കൊച്ചി**: അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, സമ്മർദത്തിൽ അടിപ്പെട്ടുള്ള ജോലി തുടങ്ങി യവ സ്ട്രോക്കിനുള്ള സാധ്യത വർധിപ്പിക്കുമെന്ന് വിദഗ്ധർ. രക്തധമനികളിലെ തടസത്തിലുടെയുണ്ടാകുന്ന ഇമെക്സ്ട്രോക്കുമായി ബന്ധപ്പെട്ട അപകട സാധ്യതകൾ നേരത്തേ കണ്ടെത്തുന്നതും കൃത്യമായി ചികിത്സ നൽകുന്നതും അത്യാഹിതങ്ങൾ തടയുന്നതിൽ പ്രസക്തമാണെന്ന് തിരുവനന്തപുരം കിംസിലെ ഇന്റർവെൻഷണൽ റേഡിയോളജി കൺസൾട്ടന്റ് ഡോ. മനീഷ് കുമാർ യാദവ് ചൂണ്ടിക്കാട്ടി.



# സപ്ലൈകോയിൽ മതിയായ സ്റ്റോക്ക് ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് സിഎംഡി

**കൊച്ചി**: സപ്ലൈകോയിൽ അവശ്യസാധനങ്ങളുടെ മതിയായ സ്റ്റോക്ക് ഉറപ്പു വരുത്തിയിട്ടുണ്ടെന്നും മറിച്ചുള്ള പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണെന്നും സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോക്ടർ സഞ്ജീബ് പട്ജോഷി അറിയിച്ചു.സപ്ലൈകോയുടെ 56 ഡിപ്പോകളുടെ കീഴിലുള്ള എല്ലാ ഔട്ട്ലെറ്റുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ഡോ. സഞ്ജീബ് പട്ജോഷി അറിയിച്ചു.ചെറുപയർ (ക്വിൻറൽ) 13,053 , കടല 6464, ഉഴുന്ന് 8636, വൻപയർ 3178, തുവരപ്പരിപ്പ് 6408, മുളക് 1401, മല്ലി 1238, പഞ്ചസാര 40110, പച്ചരി 8392, മട്ട അരി 13917, ജയ അരി 18953, കുറുവ അരി 12219 ക്വിന്റൽ എന്നിങ്ങനെ വിവിധ ഡിപ്പോകളിലും ഔട്ട്ലെറ്റുകളിലുമായി സ്റ്റോക്ക് നിലവിൽ ലഭ്യമാണ്. വെളിച്ചെണ്ണ 768658 ലിറ്റർ സ്റ്റോക്കുണ്ട്. കൂടുതൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡറും നൽകിയിട്ടുണ്ട്.




# കേരള ബാങ്ക്: ക്ഷീരമിത്ര വായ്പകളുടെ വിതരണം ആരംഭിച്ചു

സംസ്ഥാനത്ത് കേരള ബാങ്ക് മുഖാന്തരം ക്ഷീര കർഷകർക്കായുള്ള ക്ഷീര മിത്ര വായ്പകളുടെ വിതരണം ആരംഭിച്ചു. ക്ഷീര കർഷകരുടെ പുനരുദ്ധാരണവും, സാമ്പത്തികോന്നമനവും ലക്ഷ്യമിട്ടാണ് ക്ഷീര കർഷകർക്ക് വായ്പ വിതരണം ചെയ്യുന്നത്.ബാങ്കിൽ അംഗത്വമുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളായ ക്ഷീര കർഷകർ, ക്ഷീര സംരംഭകർ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് വായ്പ ലഭിക്കാൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്.ക്ഷീര കർഷകർക്ക് ബാങ്കിന്റെ ഏറ്റവും അടുത്തുള്ള ശാഖ സന്ദർശിച്ച ശേഷം വായ്പ ലഭിക്കാൻ അപേക്ഷ നൽകാവുന്നതാണ്. കൂടാതെ, നിലവിലുള്ള ക്ഷീര കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ സഹായം ലഭിക്കുന്നതിന്റെ ഭാഗമായി ക്ഷീര മിത്ര കെസിസി പലിശ ഇളവോടെ 4 ശതമാനം പലിശ നിരക്കിൽ ഹ്രസ്വ കാല വായ്പ അനുവദിക്കുന്നതാണ്. ക്ഷീര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാനും വികസിപ്പിക്കാനും ക്ഷീര മിത്ര എംടി 9 ശതമാനം പലിശ നിരക്കിൽ മധ്യകാല വായ്പ അനുവദിക്കും.

# ട്വിറ്ററിനു പിന്നാലെ തൊഴിലാളികളെ പിരിച്ചുവിടാൻ ഫേസ്ബുക്കും



**ന്യൂയോർക്ക്**: ട്വിറ്ററിനു പിന്നാലെ ഫേസ്ബുക്ക് മാതൃകമ്പനിയായ മെറ്റയും ജീവനക്കാരെ പിരിച്ചുവിടുമെന്ന് റിപ്പോർട്ട്.വലിയതോതിലുള്ള പിരിച്ചുവിടലാണ് മെറ്റയും ആലോചിക്കുന്നതെന്ന് വാൾ സ്ട്രീറ്റ് ജേർണലാണ് റിപ്പോർട്ട് ചെയ്തത്.അടുത്ത ബുധനാഴ്ച പിരിച്ചുവിടൽ പ്രഖ്യാപനം ഉണ്ടാകുമെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. ഫേസ്ബുക്കിൻറെയും ഇൻസ്റ്റഗ്രാമിൻറെയും വരുമാനത്തിൽ കുത്തനെയുള്ള ഇടിവിനെത്തുടർന്ന് ടീമുകളെ പുനഃസംഘടിപ്പിക്കാനും ആളുകളുടെ എണ്ണം കുറയ്ക്കാനുമുള്ള പദ്ധതികൾ സെപ്റ്റംബറിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മാർക്ക് സക്കർബർഗ് വിശദീകരിച്ചിരുന്നു. ഈ വർഷത്തെ അപേക്ഷിച്ച് 2023ൽ മെറ്റ ചെറുതാകുമെന്നും അന്നു സക്കർബർഗ് പറഞ്ഞിരുന്നു.എന്നാൽ, മെറ്റ കമ്പനി റിപ്പോർട്ടിനോട് പ്രതികരിക്കാൻ വിസമ്മതിച്ചു. കഴിഞ്ഞ പാദത്തിൽ വൻ നഷ്ടമാണ് മെറ്റയ്ക്ക് ഉണ്ടായത്. അന്ന് മെറ്റയ്ക്ക് ഓഹരി വിപണിയിൽ നിന്നും ഏതാണ്ട് 67 ബില്ല്യൺ ഡോളറാണ് നഷ്ടമായത്. അതിൽ ഈ വർഷം മാത്രം അര ട്രില്ല്യൺ ഡോളറിൻറെ മൂല്യ നഷ്ടമാണ് മെറ്റ നേരിടുന്നത്. കൂടാതെ ഈ വർഷം മെറ്റയുടെ ഓഹരികൾ 73% ഇടിഞ്ഞു.ആഗോള സാമ്പത്തികരംഗത്തെ മാന്ദ്യമാണ് തങ്ങളുടെ വരുമാനത്തിൽ വൻ നഷ്ടത്തിന് ഇടയാക്കിയതെന്നാണ് മെറ്റയുടെ വിലയിരുത്തൽ. മാത്രമല്ല മെറ്റയുടെ എതിരാളികളായ ടിക്ടോക്കിൻറെ വളർച്ചയും മെറ്റയുടെ വരുമാനത്തെ ബാധിക്കുന്നുണ്ട്. ആപ്പിൾ ഉപഭോക്താക്കളുടെ സ്വകാര്യത സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പുതിയ പ്രൈവസി പോളിസിയും മെറ്റയുടെ പരസ്യ വരുമാനത്തിൽ വലിയ കുറവുണ്ടാക്കി.അതേസമയംതന്നെ നിരവധി പുതിയ നിക്ഷേപകർ മെറ്റാവേഴ്സിൽ വലിയ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ഈ നിക്ഷേപങ്ങൾ ചെലവാക്കി പുതിയ പ്രോജക്ടുകൾക്കോ വലിയ മാറ്റങ്ങൾക്കോ മെറ്റാ ഉടൻ തയാറാവില്ല എന്നാണ് സൂചന.അത്തരം മാറ്റൾക്കായി ചെലവാക്കുന്ന തുകയ്ക്കുള്ള വരുമാനവർധന ഉടനെയെങ്ങും ലഭിച്ചേക്കില്ല എന്നാണ് മെറ്റയുടെ വിലയിരുത്തൽ. അതിനാൽത്തന്നെ മെറ്റവേർസിൽ വലിയതോതിൽ നടന്ന പുതിയ നിക്ഷേപങ്ങൾ ഇതുവരെ മെറ്റയ്ക്ക് കാര്യമായ ഗുണമൊന്നും നൽകിയിട്ടില്ല. ഭാവിയെ കണ്ടുള്ള നിക്ഷേപമാണ് ഇതെന്നും, അടുത്ത ഒരു ദശകത്തിൽ മാത്രമേ ഈ നിക്ഷേപത്തിൻറെ ഗുണങ്ങൾ പൂർണമായും ഉണ്ടാകൂ എന്നാണ് മെറ്റ സിഇഒ സക്കർബർഗ് തന്നെ പറയുന്നത്.അതിനാൽ തന്നെ മറ്റ് വഴികളിൽ കൂടി ചെലവ് ചുരുക്കാൻ ആലോചിക്കുകയാണ് മെറ്റ. അതിൻറെ ഭാഗമായാണ് തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനുള്ള നീക്കം ആരംഭിച്ചത്. ഇത് പെട്ടെന്നെടുത്ത തീരുമാനമല്ല സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽത്തന്നെ കൂട്ട പിരിച്ചുവിടൽ സംബന്ധിച്ച സൂചന സക്കർബർഗ് സിഇഒ തൊഴിലാളികൾക്ക് നൽകിയിരുന്നു. ഭാവി നിക്ഷേപം സംബന്ധിച്ച് സക്കർബർഗ് ചില തന്ത്ര പ്രധാന മേഖലകളിൽ ശ്രദ്ധയും നിക്ഷേപവും വേണ്ടി വരുമ്പോൾ വലിയ ടീമിനെ ചുരുക്കേണ്ടി വരുമെന്നും, അത്തരത്തിൽ ചില കടുത്ത തീരുമാനങ്ങൾ കമ്പനിക്ക് എടുക്കേണ്ടിവരുമെന്നും സക്കർബർഗ് പറഞ്ഞതി ലാഭകരമല്ലാത്ത പ്രോജക്ടുകൾ പൂട്ടുക. പുതിയതായി കമ്പനിയിലേക്ക് ആളുകളെ എടുക്കുന്നത് താത്കാലികമായി നിർത്തുക തുടങ്ങിയ കാര്യങ്ങളാണ് സക്കർബർഗ് ആലോചിക്കുന്നത്.പ്രോജക്ടുകൾ അവസാനിപ്പിക്കുമ്പോൾ നിലവിലുള്ള തൊഴിലാളികളെ പിരിച്ചുവിടേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല. വലിയ തോതിൽ മെറ്റയ്ക്കു നഷ്ടം വരുത്തുന്ന തങ്ങളുടെ ന്യൂസ് ബിസിനസ് പ്രൊജക്ടുകൾ അവസാനിപ്പിക്കാൻ മെറ്റ തീരുമാനിച്ചുകഴിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് തൊഴിലാളികളെ പിരിച്ചു വിടുമെന്ന റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്.എന്നിരുന്നാലും, കഴിഞ്ഞ ആഴ്ച ഇലോൺ മസ്ക് ട്വിറ്ററിൽ ചെയ്തതുപോലെ സക്കർബർഗ് പകുതി തൊഴിലാളികളെ പിരിച്ചുവിടുമെന്ന് പ്രതീക്ഷിക്കുന്നില്ല. ട്വിറ്ററിൻറെ നടപടി തൊഴിൽ നിയമത്തിൻറെ നഗ്നമായ ലംഘനമായാണ് കണക്കാക്കപ്പെടുന്നത്. പ്രത്യേകിച്ച് യുഎസിനു പുറത്ത് ട്വിറ്റർ നിയമനടപടി നേരിടേണ്ടിവരുമെന്ന് വിവിധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ വലിയ നമ്പർ തൊഴിലാളികളെ പിരിച്ചുവിട്ട് കേസുകൾ വരുത്തിവയ്ക്കാൻ മെറ്റ തയാറാവില്ല എന്നാണ് പുറത്തുവരുന്ന വിവരങ്ങൾ.





# യുക്കോ ബാങ്കിന് 502.53 കോടി രൂപ അറ്റാദായം

**കൊച്ചി:** യുക്കോ ബാങ്കിന് ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 502.53 കോടി രൂപ അറ്റാദായം. സെപ്റ്റംബർ 30 വരെയുള്ള ബാങ്കിൻറെ ലാഭം 1189.78 കോടിയാണ്. ബാങ്കിൻറെ ആകെ ബിസിനസിൽ 12.55 ശതമാനം വളർച്ച രേഖപ്പെടുത്തി. നിഷ്ക്രിയ ആസ്തി 1.99 ശതമാനമായി കുറഞ്ഞു. പ്രവർത്തനലാഭം, പലിശവരുമാനം, മറ്റു വരുമാന മാർഗങ്ങൾ എന്നിവയിലുണ്ടായ ഗണ്യമായ വർധനവാണ് അറ്റാദായം കുത്തനെ ഉയരാൻ കാരണമായതെന്ന് ബാങ്കിൻറെ എംഡി സോമ ശങ്കര പ്രസാദ് പറഞ്ഞു.



# ബ്രസീൽ ടീം പ്രഖ്യാപിച്ചു; കുടിന്യോയും ഫിർമിനോയുമില്ല

**ദോഹ:** ഖത്തർ ലോകകപ്പിനുള്ള അന്തിമ സ്ക്വാഡ് പ്രഖ്യാപിച്ച് ബ്രസീൽ. പരിശീലകൻ ടിറ്റെയാണ് 26 അംഗ സംഘത്തിന്റെ പട്ടിക പുറത്തുവിട്ടത്. ആസ്റ്റൻ വില്ലയുടെ അറ്റാക്കിങ് മിഡ്ഫീൽഡറും പരിചയസമ്പന്നനുമായ ഫിലിപെ കുടിന്യോ പരിക്കുമൂലം പുറത്തായി. ലിവർപൂൾ സ്ട്രൈക്കർ റോബർട്ടോ ഫിർമിനോയും ടീമിലില്ല. ഒമ്പത് സ്ട്രൈക്കർമാരെ ഉൾപ്പെടുത്തി. 39കാരനായ ഡിഫൻഡർ ഡാനി ആൽവസും മഞ്ഞപ്പടയിൽ ഇടംപിടിച്ചു.ഗ്രൂപ്പ ജിയിൽ നവംബർ 24ന് സെർബിയക്കെതിരെയാണ് അഞ്ചു തവണ ലോക ജേതാക്കളായ ബ്രസീലിന്റെ ആദ്യ മത്സരം.ഗോൾകീപ്പർമാർ: അലിസൺ, എഡേഴ്സൺ, വെവർട്ടൺ, ഡിഫൻഡർമാർ: അലക്സ് സാന്ദ്രോ, അലക്സ് ടെല്ലെസ്, ഡാനി ആൽവസ്, ഡാനിലോ, ബ്രെമർ, എഡർ മിലിറ്റാവോ, മാർക്വിന്യോസ്, തിയാഗോ സിൽവ,മിഡ്ഫീൽഡർമാർ: ബ്രൂണോ ഗിമാറേസ്, കാസെമിറോ, എവർട്ടൻ റിബേറോ, ഫാബിന്യോ, ഫ്രെഡ്, ലൂകാസ് പക്വേറ്റ, ഫോർവേഡുകൾ: ആന്റണി, ഗബ്രിയേൽ ജെസ്യൂസ്, ഗബ്രിയേൽ മാർട്ടിനെല്ലി, നെയ്മർ, പെഡ്രോ, റഫീന്യ, റിച്ചാർലിസൻ, റോഡ്രിഗോ, വിനീഷ്യസ് ജൂനിയർ.



# സംസ്ഥാന നീന്തൽ: ആദ്യദിനം റെക്കോഡുകളുടെ പെരുമഴ

**തൃശൂർ:** കോവിഡിന്റെ പശ്ചാത്തലത്തിൽ മുടങ്ങി മൂന്നുവർഷത്തിനുശേഷം പുനരാരംഭിച്ച സംസ്ഥാന നീന്തൽ ചാമ്പ്യൻഷിപ്പിന് തൃശൂരിൽ തുടക്കം. തൃശൂർ അക്വാട്ടിക് കോംപ്ലക്സിൽ തുടക്കമിട്ട ചാമ്പ്യൻഷിപ്പിൽ ആദ്യദിനം തന്നെ റെക്കോഡുകൾ ഏറെ പിറന്നു. സീനിയർ ബോയ്സ് ബാക്ക്സ്ട്രോക്കിൽ തൃശൂർ മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥി പി.ജെ. ധനുഷ്, ജൂനിയർ ബോയ്സ് ബാക്ക്സ്ട്രോക്കിൽ കളമശ്ശേരി എച്ച്.എസ്.എസിലെ എസ്. അഭിനവ് എന്നിവർ പുതിയ റെക്കോഡുകൾ ഇട്ടു. സബ്ജൂനിയർ ഗേൾസ് 50 മീറ്റർ ബട്ടർഫ്ലൈ സ്ട്രോക്കിൽ തിരുവനന്തപുരം കണ്യാർകുളങ്ങര ഗവ. ഗേൾസ് എച്ച്എസ്.എസിലെ എസ്. എബ്വാ എഡില റെക്കോഡോടെ സ്വർണം നേടി.ജൂനിയർ ബോയ്സ് 200 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ കോട്ടയം പാലാ സെന്റ് തോമസ് എച്ച്.എസ്.എസിലെ കെവിൻ ജിനു റെക്കോഡ് കുറിച്ചു. ജൂനിയർ ഗേൾസ് 200 മീറ്റർ ബാക്ക് സ്ട്രോക്കിൽ തിരുവനന്തപുരം മണക്കാട് ഗവ. ഗേൾസ് എച്ച്.എസ്.എസിലെ എ.എസ്. വിസ്മയയും 50 മീറ്റർ ബട്ടർഫ്ലൈ സ്ട്രോക്കിൽ തിരുവനന്തപുരം തുണ്ടത്തിൽ എം.വി.എച്ച്.എസ്.എസിലെ മെഹുലി ഘോഷും റെക്കോഡോടെ സ്വർണം നേടി.ജൂനിയർ ഗേൾസ് 4ത100 മീറ്റർ മെഡ്ലേ റിലേയിലും ജൂനിയർ ബോയ്സ് 4ത100 മീറ്റർ മെഡ്ലേ റിലേയിലും തിരുവനന്തപുരം റെക്കോഡോടെ സ്വർണം കരസ്ഥമാക്കി. തിങ്കളാഴ്ച രാവിലെ 400 മീറ്റർ ഫ്രീസ്റ്റൈൽ സീനിയർ ബോയ്സ് മത്സരത്തോടെയാണ് ചാമ്പ്യൻഷിപ ആരംഭിച്ചത്. സീനിയർ, ജൂനിയർ, സബ്ജൂനിയർ വിഭാഗങ്ങളിലായി ആദ്യദിനം 36 ഇനങ്ങളിൽ മത്സരം അരങ്ങേറി.





# രോഹിത് ശർമയെ പിടിക്കാൻ ഓടിയ ആരാധകന് 6.5 ലക്ഷം രൂപ പിഴ

**മെൽബൺ:** ട്വന്റി 20 ലോകകപ്പിൽ സിംബാബ്വെക്കെതിരായ ഇന്ത്യയുടെ അവസാന മത്സരത്തിൽ ഗ്രൗണ്ടിലിറങ്ങി ക്യാപ്റ്റൻ രോഹിത് ശർമയെ പിടിക്കാൻ ഓടിയ ആരാധകന് 6.5 ലക്ഷം രൂപ പിഴ. സുരക്ഷ ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ച് ഇന്ത്യൻ ക്യാപ്റ്റന് മുന്നിലേക്ക് കരഞ്ഞുകൊണ്ടാണ് കുട്ടി ഓടിയെത്തിയത്. തൊട്ടുപിന്നാലെ സുരക്ഷ ഉദ്യോഗസ്ഥരെത്തി കുട്ടിയെ പിടിച്ചുകൊണ്ടുപോയി. മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിലെ അച്ചടക്കം ലംഘിച്ചതിനാണ് വൻതുക പിഴയിട്ടത്. മത്സരത്തിൽ സിംബാബ്വെയുടെ മറുപടി ബാറ്റിങ്ങിനിടെയാണ് ആരാധകൻ ഗ്രൗണ്ടിലെത്തിയത്. സുരക്ഷ ഉദ്യോഗസ്ഥർ ചാടിവീണ് കുട്ടിയെ പിടിച്ചെങ്കിലും രോഹിത് ശർമ ഓടിയെത്തി അഭിവാദ്യം ചെയ്തു. സംഭവത്തിന്റെ വിഡിയോ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്.മത്സരത്തിൽ 71 റൺസിനാണ് ഇന്ത്യ സിംബാബ്വെയെ കീഴടക്കിയത്. പത്തിന് അഡ്ലെയ്ഡിൽ നടക്കുന്ന സെമി പോരാട്ടത്തിൽ ഇംഗ്ലണ്ടാണ് ഇന്ത്യയുടെ എതിരാളികൾ.



# കാർണിവലിനൊരുങ്ങി കോർണിഷ്; ആഘോഷം നയിച്ച് മലയാളികൾ

**ദോഹ:** മലയാളികളുടെ ലോകകപ്പ് ഫുട്ബാളിനാണ് ഖത്തർ കളമൊരുക്കുന്നതെന്നത് ലോകമറിഞ്ഞ കഥയാണ്. സംഘാടനത്തിലും വളന്റിയറിങ്ങിലും തൊട്ട് ഗാലറി വരെ സ്വന്തമാക്കി മാറ്റുന്ന മലയാളികളാണ് ഖത്തറിന്റെ ഫുട്ബാൾ ആവേശത്തെയും നയിക്കുന്നത്. ലോകകപ്പിന് പന്തുരുളാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ കാർണിവൽ വേദിയായ ദോഹ കോർണിഷ് അവസാനവട്ട ഒരുക്കത്തിലാണിപ്പോൾ. നവംബർ ഒന്നു മുതൽ വാഹനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി കാൽനടക്കാർക്കു മാത്രമായി തുറന്നുനൽകിയ കോർണിഷ് അലങ്കാര വിളക്കുകളുടെ പ്രഭ ചൊരിഞ്ഞും ടീമുകളുടെ പേരെഴുതി കട്ടൗട്ടുകളും സ്വാഗതവും സെലിബ്രേഷനും ഉൾപ്പെടെ വിവിധ വാക്കുകൾ അലങ്കാരങ്ങളോടെ കുറിച്ചുമാണ് കാണികളെ വരവേൽക്കുന്നത്.ദോഹ കോർണിഷ്, വെസ്റ്റ്ബേ, ലുസൈൽ, വക്റ, സൂഖ് വാഖിഫ് ഉൾപ്പെടെ കണ്ണായ ഇടങ്ങളെല്ലാം ആഘോഷ ലഹരിയിലമർന്ന് കാൽപന്തു പ്രേമികളെ വരവേൽക്കുന്നു. ദിവസങ്ങളായി ലോകകപ്പിനെ വരവേറ്റുകൊണ്ട് വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന മലയാളികൾക്കു പിന്നാലെ, ആഫ്രിക്കൻ ടീമുകളുടെ ആരാധകരും കഴിഞ്ഞ ദിവസങ്ങളിൽ ആഘോഷങ്ങളോടെ തെരുവിലിറങ്ങി.ലോകകപ്പ് കളിക്കുന്ന ആഫ്രിക്കൻ ടീമുകളായ ഘാന, സെനഗാൾ എന്നിവരുടെ ആരാധകരായിരുന്നു വാദ്യമേളങ്ങളോടെ കളിയാരവത്തിന് താളം തീർത്തത്.



# തലക്കു പരിക്കേറ്റുവീണ താരത്തിന് തൊട്ടുപിറകെ ഫിസിയോയുടെ 'ഷൂ കൊണ്ടുള്ള തൊഴിയും'; സംഭവം ബുണ്ടസ് ലിഗയിൽ

**ബെർലിൻ:** ബുണ്ടസ് ലിഗയിൽ തല തമ്മിൽ കൂട്ടിയിടിച്ച് പരിക്കേറ്റ് മൈതാനത്തുവീണ താരത്തിന് തൊട്ടുടൻ പരിചരിക്കാനെത്തിയ ഫിസിയോയുടെ ഷൂ കൊണ്ടുള്ള തൊഴിയും. ബെറൂസിയ ഡോർട്മുണ്ടും ബോഷമും തമ്മിലെ കളിക്കിടെയാണ് സംഭവം. ബോഷം താരങ്ങളായ ആന്റണി ലോസിലയും ക്രിസ്റ്റ്യൻ ഗാംബോവയും തമ്മിലാണ് കൂട്ടിയിടിച്ച് നിലത്തുവീണത്. അതിവേഗം ഓടിയെത്തിയ ഫിസിയോ പരിചരിക്കാനായി നിലത്തിരിക്കുന്നതിനിടെ കാൽതെന്നി ഷൂ ലോസിലയുടെ തലക്കിടിക്കുകയായിരുന്നു. ഷൂവിന് സ്റ്റഡില്ലാത്തതിനാൽ കാര്യമായ പരിക്കില്ലാതെ രക്ഷപ്പെട്ടു.കളിയിൽ ഏകപക്ഷീയമായ മൂന്നു ഗോളുകൾക്ക് ബോഷം ഡോർട്മണ്ടിനോട് തോറ്റു. ആദ്യ പകുതിയിൽ രണ്ടു ഗോളുമായി നിറഞ്ഞാടിയ യൂസുഫ മുകോകുവിന്റെ ബലത്തിലായിരുന്നു ഡോർട്മുണ്ട് വിജയം. ബുണ്ടസ് ലിഗ പട്ടികയിൽ ഇതോടെ ഡോർട്മുണ്ട് മൂന്നാം സ്ഥാനത്തേക്ക് കയറി.





# പീഡനപരാതിയിൽ കുടുങ്ങിയ ഗുണതിലകയെ പുറത്താക്കി ശ്രീലങ്കൻ ക്രിക്കറ്റ്

**കൊളംബോ:** ട്വന്റി20 ലോകകപ്പിന് ആസ്ട്രേലിയയിലെത്തിയ ശ്രീലങ്കൻ താരം ദനുഷ ഗുണതിലക ബലാത്സംഗക്കേസിൽ അറസ്റ്റിലായതോടെ ടീമിൽനിന്ന് പുറത്താക്കി ശ്രീലങ്കൻ ക്രിക്കറ്റ്. ട്വന്റി20, ഏകദിനം, ടെസ്റ്റ് ഉൾപ്പെടെ എല്ലാ വിഭാഗങ്ങളിൽനിന്നും പുറത്താക്കിയതായി അധികൃതർ അറിയിച്ചു. സമൂഹമാധ്യമമായ ടിൻഡറിൽ പരിചയപ്പെട്ട 29കാരിയാണ് പീഡനത്തിനിരയായത്. നാലു തവണ ബലാത്സംഗം നടത്തിയെന്നാണ് കേസ്.സംഭവത്തിൽ അന്വേഷണം നടത്തി ഗുണതിലകക്കെതിരെ നടപടി സ്വീകരിക്കുമെന്നും ആസ്ട്രേലിയൻ പൊലീസിന് ആവശ്യമായ പിന്തുണ നൽകുമെന്നും അധികൃതർ അറിയിച്ചു.കഴിഞ്ഞ ദിവസം പിടിയിലായ താരത്തെ സിഡ്നിയിലെ സിൽവർവാട്ടർ ജയിലിലടച്ചിട്ടുണ്ട്. ബലാത്സംഗക്കേസായതിനാൽ ജാമ്യവും നിഷേധിച്ചതായാണ് റിപ്പോർട്ടുകൾ.പേശീവലിവിനെ തുടർന്ന് ടീമിന് പുറത്തായിട്ടും ഗുണതിലക ആസ്ട്രേലിയയിൽ തുടരുകയായിരുന്നു. ആശെൻ ബന്ദാരയാണ് പകരക്കാരനായി ടീമിൽ ഇടംപിടിച്ചിരുന്നത്. നോക്കൗട്ട് കടക്കാനാവാത്ത ശ്രീലങ്കൻ ടീം നാട്ടിലേക്ക് മടങ്ങിയിട്ടുണ്ട്.

EDITORS CHOICE



# കെ.എസ്.ആർ.ടി.സി.ക്ക് തലവേദനയായി 'താമരാക്ഷൻ പിള്ള' സർവീസ്

കോതമംഗലം: 'താമരാക്ഷൻ പിള്ള' എന്നു പേരിട്ട് കല്യാണത്തിനു പോയ ബസ് കെ.എസ്.ആർ.ടി.സി. ക്ക് കൊടുത്ത പണി ചില്ലറയല്ല. ബസ് ഓടിച്ച ഡ്രൈവറുടെ ലൈസൻസ് വാഹന വകുപ്പ് സസ്പെൻഡ് ചെയ്തു. ബസിനും ഡിപ്പോയ്ക്കും എതിരേ വാഹന വകുപ്പും കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗവും അന്വേഷണം തുടങ്ങി. കോടതിയും വിവരം ചോദിച്ചിട്ടുണ്ട്. പരാതി കിട്ടാത്തതുകൊണ്ട് പോലീസ് കേസെടുത്തിട്ടില്ല. അലങ്കാരകോലാഹലങ്ങളുമായുള്ള കല്യാണ ട്രിപ്പ് ഉണ്ടാക്കിയ പൊല്ലാപ്പിൽ നിന്ന് തലയൂരാനുള്ള ശ്രമത്തിലാണ് കെ.എസ്.ആർ.ടി.സി. നെല്ലിക്കുഴി സ്വദേശിയായ ഡ്രൈവർ റഷീദിന്റെ ലൈസൻസ് 15 ദിവസത്തേയ്ക്കാണ് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതെന്ന് കോതമംഗലം ജോയിന്റ് ആർ.ടി.ഒ. ഷോയ് വർഗീസ് പറഞ്ഞു. ഡ്രൈവർ ഓഫിസിൽ ഹാജരായി നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലാണ് നടപടിയുണ്ടായത്. ബസിന്റെ പെർമിറ്റും മറ്റ് രേഖകളും ഹാജരാക്കാൻ വാഹന വകുപ്പ് കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ചീഫ് ഓഫീസിൽ വിവരം അറിയിച്ചിട്ടുണ്ട്. ജോയിന്റ് ആർ.ടി. ഓഫീസ് എടുത്ത നടപടികളുടെ റിപ്പോർട്ട് മേലധികാരികൾക്ക് നൽകി. കെ.എസ്.ആർ.ടി.സി. തൊടുപുഴ വിജിലൻസ് അധികൃതർ ഡിപ്പോ ഉദ്യോഗസ്ഥരോട് റിപ്പോർട്ടും എ.ടി.ഒ. ഉൾപ്പെടെയുള്ളവരുടെ വിശദീകരണവും ചോദിച്ചിട്ടുണ്ട്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com